1979 ആഗസ്റ്റ് 8-ാം തീയതി കോട്ടയം ടൗൺ പോലീസ് സ്റ്റേഷന്റെ മുമ്പിൽക്കൂടി ലാത്തിയും ദണ്ഡും കുറുവടിയും കഠാരയും വടിവാളും സൈക്കിൾ ചെയിനുമായി കള്ളും കുടിച്ച് ഗോഗ്വാ വിളിച്ച് നടന്ന ആളുകൾ.....

[10 a.m.]

ശ്രീ. ടി. എം. ജേക്കബ്: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഈ ബില്ലുമായി ബന്ധപ്പെടാത്ത ഒരു വസ്തുതയെക്കുറിച്ച് ഈ സഭയിൽ പറയുന്നത് ആർഡറിൽ ആണോ?

ശ്രീ. ഓ. ലൂക്കോസ്: ഈ ബില്ല് ഈ രാജ്യത്തിന് എന്തുമാത്രം പ്രയോജനം ചെയ്യാൻ പോകുന്നുവെന്നുള്ളതിനെക്കുറിച്ചാണ് ഞാൻ പരാമർശിച്ചുകൊണ്ടിരിക്കുന്നത്. കോട്ടയം പോലീസ് സ്റ്റേഷന്റെ മുമ്പിൽക്കൂടി വടിവാളും കഠാരയും കുറുവടിയും ഏന്തി കള്ളുകുടിച്ച് ലക്കും ലഗാനുമില്ലാതെ ജനാധിപത്യത്തിന്റെ വക്താക്കളെന്ന് വിശേഷിപ്പിച്ചുകൊണ്ട് പ്രകടനം നടത്തുന്ന ആളുകൾ കേരളാ കോൺഗ്രസ്സിന്റെ ആഫീസിൽ കയറി അവിടെയുണ്ടായിരുന്ന സ്റ്റാഫിനെ മുഴുവനും തല്ലുകയും അവിടത്തെ കസേരകളും ഗ്ലാസും തല്ലിത്തകർക്കുകയും.....

ഡെപ്യൂട്ടി സ്പീക്കർ: നിയമനിർമ്മാണകാര്യത്തിനുള്ള സമയം കഴിഞ്ഞു.

VIII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. എൻ. പി. മൊയ്തീൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Revenue and Co-operation **(Sri Baby John):**—Sir, I second it.

The Twentieth Report of the Committee on Private Members' Bills and Resolutions was adopted.

(2) പ്രമേയങ്ങൾ

(i) മാങ്കുളം പ്രദേശത്ത് ഭൂമി കയ്യേറ്റക്കാരെ ഒഴിപ്പിക്കൽ

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു. "മാംകുളം പ്രദേശത്തു ഭൂമി കയ്യേറി ഏലത്തോട്ടവും മറ്റും വച്ചുപിടിപ്പിച്ചിട്ടുള്ള വൻകിടക്കാരെ ഒഴിപ്പിക്കാനും അവിടെ വളരെക്കാലമായി താമസിച്ച് കൃഷിചെയ്തിരുന്ന ഒഴിപ്പിക്കപ്പെട്ട കൃഷിക്കാരെ പുനരധിവസിപ്പിച്ച് പട്ടയം കൊടുക്കാനും വേണ്ട നടപടികളെടുക്കണമെന്ന് ഈ സർക്കാർ ഗവൺമെന്റിനോടാവശ്യപ്പെടുന്നു".

LIBRARY ARCHIVES Kerala Legislative Assembly

മാംകുളം പ്രദേശം രണ്ടു പ്രാവശ്യം സന്ദർശിക്കാനുള്ള സന്ദർഭം എനിക്കുണ്ടായിട്ടുണ്ട്. 1978 നവമ്പർ മാസത്തിൽ മാങ്കുളം പ്രദേശത്തെ നാനൂറിൽ ചിലപ്പാനം കയ്യേറ്റക്കാരെ ഒഴിപ്പിച്ചുകൊണ്ടുള്ള നടപടി നടന്നു. യാഥാർത്ഥ കൈവശ കൃഷിക്കാരെയാണ് കയ്യേറ്റക്കാർ എന്ന് പറഞ്ഞ് ഗവൺമെൻറ് ഒഴിപ്പിച്ചതെന്നാണ് മാങ്കുളം പ്രദേശത്ത് പോയ സന്ദർഭത്തിൽ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ കാടുകളിൽ ഒരുകൂട്ടം ആളുകൾ ഏലം വച്ചു പിടിപ്പിച്ചിരുന്നു. അവിടെയും നമ്മുടെ ഗവൺമെൻറ് ഒഴിപ്പിക്കൽ നടപടി നടത്തി. വൻമരങ്ങളിൽ കെട്ടിയുണ്ടാക്കിയ ഏതാനും കൂരകൾ പൊളിച്ചുമാറ്റി. വൻമരങ്ങളുടെ അടിയിലുള്ള ഏലം കൃഷിയ്ക്ക് ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല. നമ്മുടെ സംസ്ഥാനത്തെ പല പ്രമുഖ പത്രങ്ങളും പല സംഘടനകളും മാങ്കുളത്ത് വമ്പിച്ച രൂപത്തിലുള്ള വനംകൊള്ള നടക്കുന്നുണ്ടെന്ന് പറഞ്ഞു. രണ്ടുമൂന്ന് മാസത്തിനുമുമ്പ് ഞാൻ ആ പ്രദേശം സന്ദർശിച്ചു. നമ്മുടെ രാജ്യത്തെ നിയമപാലകൻമാരും ഒരുകൂട്ടം തെമ്മാടികളും കൈകോർത്തുപിടിച്ചുകൊണ്ട് അവിടെ വനംകൊള്ള നടത്തുന്നതായിട്ടാണ് എനിക്ക് കാണാൻ കഴിഞ്ഞത്. ഈ രാജ്യത്തെ ഉത്തരവാദപ്പെട്ട പോലീസുദ്യോഗസ്ഥൻമാരും, ഈ രാജ്യത്തെ ജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി നിൽക്കുന്നവരെന്ന് പറയുന്ന ഡി. വൈ. എസ്. പി. മുതൽ കാർഡമം ആഫീസർമാരും റവന്യൂ ഉദ്യോഗസ്ഥൻമാരും നിയമസഭാസാമാജികൻമാരും അതിന് കൂട്ടുനിൽക്കുകയാണ്. അതിനെതിരായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറുണ്ടോ? ആഗസ്റ്റുമാസം 6-ാം തീയതി റവന്യൂമന്ത്രി ഒരു പത്രസമ്മേളനം നടത്തി. ഈ കാര്യത്തിൽ എന്തെങ്കിലും നടപടിയെടുക്കാൻ പോകുന്നുണ്ടോയെന്ന് ഞാൻ റവന്യൂമന്ത്രിയോട് അന്വേഷിച്ചു. ആവശ്യമായ എല്ലാനടപടികളും എടുക്കാമെന്ന് മന്ത്രി പറഞ്ഞു. പക്ഷേ ദിവസങ്ങളും മാസങ്ങളും കഴിഞ്ഞിട്ടും ഇതുവരേയും ഒരു നടപടിയും എടുത്തില്ല. എന്താണ് അവിടെ നടക്കുന്നത്? ഏലം വച്ചുപിടിപ്പിച്ചുവെന്ന് മാത്രമല്ല വെള്ളകിൽപോലുള്ള വൻമരങ്ങളും വെട്ടി നശിപ്പിക്കുകയും ചെയ്യുന്നു. വൻമരങ്ങളും നശിപ്പിക്കുന്ന നടപടിയിൽനിന്ന് അവരെ പിന്തിരിപ്പിക്കാനുള്ള യാതൊരു നടപടിയും ഗവൺമെൻറ് സ്വീകരിക്കുന്നില്ല. കണ്ണൻദേവൻ കമ്പനിയുടെ വകയായ എഴുപത്തിരണ്ടായിരത്തോളം ഏക്കർ ഭൂമി 1972-ൽ ഏറ്റെടുത്തു, എന്നാണ് പറയുന്നത്. വന്യമൃഗസംരക്ഷണത്തിനുവേണ്ടി നീക്കിവച്ച മുപ്പതിനായിരം ഏക്കർ ഭൂമികഴിഞ്ഞ് ബാക്കി ഭൂമിയുണ്ട്. അവിടെ വൻമരങ്ങളുണ്ട്. അവിടെ അതിക്രമിച്ച് കടക്കുന്നവർക്ക് ഒരു ഗുണമുണ്ട്. അവിടെയുള്ള മരങ്ങളൊന്നും വെട്ടിത്തെളിക്കാതെ അടിക്കാടുകൾ വെട്ടിയാണ് കൃഷിചെയ്യുന്നത്. ആയിരക്കണക്കിന് രൂപയുടെ ഏലം വിറ്റ് കാശ് എടുക്കുന്നു. കണ്ണൻദേവൻ കമ്പനിയുടെ വക ഭൂമി ഏറ്റെടുത്ത് ആ ഭൂമി ഈ രൂപത്തിൽ ഉയർന്ന പോലീസുദ്യോഗസ്ഥൻമാരും കാർഡമം ഉദ്യോഗസ്ഥൻമാരും റവന്യൂ ഉദ്യോഗസ്ഥൻമാരും എല്ലാംകൂടി കൊള്ളചെയ്തിരിക്കുകയാണ്. ആരാണ് ഇതിന് കൂട്ടു നിൽക്കുന്നത്? ആർക്കും ആർക്കും ഇതിൽ പങ്ക് ഇല്ലെന്ന് പലരും പറയുന്നുണ്ടെങ്കിലും അവിടെ നടക്കുന്നത് അതാണ്. ഒരിഞ്ച് ഭൂമിക്കുവേണ്ടി ദാഹിക്കുന്നവർ അവിടെ ചെന്നാൽ അവന് ഭൂമി കിട്ടുകയില്ല. വളരെക്കാലമായി അവിടെ താമസിച്ചുകൊണ്ടിരുന്നവരെ അവിടെനിന്ന് ഇറക്കിവിട്ടു. ഗവൺമെൻറിൽനിന്ന് ഗുഡ്സർവ്വീസ് എൻട്രി കിട്ടിയ ഡി. വൈ. എസ്. പി. യാണ് അവിടെ നിയമപാലനം നടത്തുന്നത്. അദ്ദേഹമാണ് ഈ കയ്യേറ്റത്തെ തടയേണ്ടത്. അവിടെയുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരാണ് കയ്യേറ്റത്തെ തടയേണ്ടത്. അവർ ആരും ഒന്നും ചെയ്യുന്നില്ല. എല്ലാവരുംകൂടി മോഷ്ടിക്കുകയാണ്. ഈ കളവിന് ഗവൺമെൻറ് എത്രകാലം കൂട്ടു നിൽക്കണമെന്നാണ് വിചാരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത്. ഈ അഴിമതിയും അനീതിയും അവസാനിപ്പിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ ? പലരും പ്രഖ്യാപനം നടത്തി ഞങ്ങൾ അങ്ങോട്ടു പോകും. ഇങ്ങോട്ടു പോകും എന്നെല്ലാം. ഒരു കമ്മീഷനെ നിയമിച്ചു. കമ്മീഷന്റെ കാര്യത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. മാങ്കുളത്തേക്ക് കടന്നു ചെല്ല ണമെങ്കിൽ എത്ര അട്ടകടി ഏറ്റതിനുശേഷമേ പോകാനൊക്കുകയുള്ളു എന്ന് അവിടെ പോയവർക്കേ അറിയാവൂ. കമ്മീഷൻ പോയി ആ പ്രദേശം കാണുമോ അതോ മൂന്നാർ ടി. ബി. യിൽ ഇരുന്ന് റിപ്പോർട്ട് തയ്യാറാക്കി തിരിക്കുമോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഈ കൊള്ളക്കാരിൽനിന്ന് ആ ഭൂമി ഏറ്റെടുത്തുകൂടേ ? ഈ ഭൂമി ഏറ്റെടുത്ത് ഭൂമിക്കുവേണ്ടി ദാഹിക്കുന്ന വർക്ക് വിതരണം ചെയ്തുകൂടേ ? ഒരുസെന്റ് ഭൂമിയെങ്കിലും നിങ്ങൾക്ക് ഈ രാജ്യത്തെ ഭൂമിയില്ലാത്ത പാവപ്പെട്ടവന് കൊടുക്കാൻ കഴിഞ്ഞോ ? കൊടുക്കാൻ കഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല പൂഞ്ഞാർ മഹാരാജാവിന്റെ കാലം മുതൽ കൈവശംവച്ച് കൃഷിചെയ്തുകൊണ്ടിരുന്ന നാനൂറിൽപരം കൈവശ കൃഷിക്കാരെ ഒഴിപ്പിച്ചു. വെട്ടിത്തെളിച്ച് പതിച്ചുകൊടുക്കാൻ പറ്റുന്ന ആയിരക്കണക്കിന് ഏക്കർ ഭൂമി അവിടെയുണ്ട്. പതിനായിരത്തിൽ പരം പെറ്റീഷൻ ഗവൺമെന്റിനു കിട്ടി. എന്റെ കക്ഷിയിൽ പെട്ട നാല് ആളുകളെകൂടി കൂട്ടിച്ചേർത്ത് 778 ആളുകൾക്ക് കൊടുത്തിട്ട് ഇതാ എല്ലാ വർക്കും കൊടുത്തിരിക്കുന്നുവെന്ന് തെറ്റിദ്ധാരണ വരുത്തുന്നവിധത്തിൽ നടപടിയെടുക്കും. ഇതിനെ തടസപ്പെടുത്തുന്ന ആളുകളും അപ്പുറത്താണ്, കൊടുക്കണമെന്ന് പറയുന്നവരും അപ്പുറത്താണ് ഉള്ളത്. സ്റ്റേയ്ക്കു വേണ്ടി നടക്കുന്നവരും സമരം നടത്തുന്നവരും അപ്പുറത്തുള്ളവരാണ്. അതിൽ ഒരുകൂട്ടം ആളുകൾ ഇപ്പുറത്തേക്ക് മാറിയിട്ടുണ്ട്. ഏലത്തോട്ടം വച്ചു പിടിപ്പിക്കുന്നതിന്റെ പിന്നിൽ പ്രവർത്തിച്ച ശക്തികൾ അപ്പുറത്തും ഇപ്പുറത്തുമുണ്ട്. ആളുകളുടെ പേർ പറയുന്നില്ല. നമ്മുടെ രാഷ്ട്രത്തെ എം. പി. മാർക്കും എം. എൽ. എ. മാർക്കും ഉയർന്ന പോലീസുദ്യോഗസ്ഥൻമാർക്കും റവന്യൂ ഉദ്യോഗസ്ഥൻമാർക്കും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്കും അവിടെ ഭൂമിയുണ്ട്. എന്തൊരു നാണംകെട്ട നടപടിയാണ്. മറ്റു വനം കൊള്ള നടക്കുമ്പോലെ അവിടെ നടക്കില്ല. കാരണം അവിടെനിന്നും വെള്ളകിൽ വെട്ടിമുറിച്ച് എവിടെയും കൊണ്ടുവരാൻ കഴിയില്ല എന്നുള്ളതാണ്. പക്ഷേ വെള്ളകിൽ പൊന്നുംവിലയ്ക്കുള്ള വെള്ളകിൽ തീ ഇട്ടു കത്തിനശിപ്പിക്കുകയാണ്. അത് നേരിൽ കാണാൻ കഴിയുന്ന ആളുകൾക്ക് അവിടെ യാഥാർത്ഥത്തിൽ യുദ്ധക്കളത്തിൽ പോയ് പ്രതീതിയാണ് ഉണ്ടാകുന്നത്. അവിടെ അരി ചാക്കുകളിലായി കൊണ്ടുപോകുന്നു; അവിടെ ഭക്ഷ്യസാധനങ്ങൾ കൊണ്ടുപോകുന്നു; ഏലം തൈകളുമായി ജീപ്പുകൾ ചീറിപ്പാഞ്ഞുപോകുന്നു. ഞാൻ അവിടെ പോയ അവസരത്തിൽ ഒരാൾ പറയുകയാണ് എന്റെ കൈയിൽ 10 ഏക്കർ ഭൂമിയെ ഉള്ളു എന്ന്. അയാൾ അങ്ങനെ പറയാൻ കാരണം 10 ഏക്കർകാരെ ഞങ്ങൾ പിൻതുണയ്ക്കുമെന്നു വിചാരിച്ചാണ്; 10 ഏക്കർ ഭൂമിയെയുള്ളു എന്നു പറഞ്ഞാൽ ഞങ്ങൾ ഒഴിപ്പിക്കുകയില്ല എന്നു വിചാരിച്ചാണ്. (ബഹുമാനപ്പെട്ട മെമ്പർ ഒരു ഫോട്ടോ എടുത്ത് പൊക്കിക്കാണിച്ചു) ഇതാ അദ്ദേഹത്തിന്റെ ഫോട്ടോ ആണ്. ഭൂമി ആരുടേതെന്നു അന്വേഷിച്ചാൽ പേരു കിട്ടുകയില്ല. ഞാൻ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ അഞ്ചുപത്തു ആളുകളെ കണ്ടു. അവിടെ തൊഴിൽ എടുക്കുന്നവരാണ്. നിങ്ങൾ ആരുടെ തൊഴിലാളി എന്നു ചോദിച്ചു. ഞങ്ങൾ അങ്ങനെയൊന്നുമില്ല എന്നുപറയും. അവസാനമാണ് വൈക്കത്തിനടുത്ത് ഒരു ബേക്കറിക്കാരന്റെ തൊഴിലാളി ആണെന്നു പറഞ്ഞത്. ബേക്കറിക്കാരൻ വൈക്കത്താണ്. പക്ഷേ ഇവിടെ ഏലം കൃഷി പ്പണി നടക്കുന്നു. ഇവർക്ക് വല്ല രേഖയും ഉണ്ടോ എന്ന് ചോദിച്ചു. രേഖ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട. ഈ ഭൂമി അവരുടെ കൈയിൽനിന്നും ഗവൺമെൻറ് ഒഴിപ്പിക്കാതെ ഒരു 10 കൊല്ലത്തേക്ക് മാറ്റിവച്ചാൽ അവർക്ക് യാതൊരു പട്ടയത്തിൻറേയും ആവശ്യമില്ല. കൈവശാവകാശത്തിൻറ ആവശ്യമില്ല. ഈ പത്തുകൊല്ലവും ഏലം കൃഷിചെയ്യാൻ അവരെ അനുവദിച്ചാൽ അവർ മുടക്കിയ മുതൽമുടക്കിനേക്കാൾ എത്രയോ ഇരട്ടി അവർക്ക് ഉണ്ടാക്കാം. പിന്നെ എന്തിനാണ് രേഖ. ഇനിയെങ്കിലും ഏലം വിളവെടുപ്പു സമയത്തിനു മുമ്പെങ്കിലും ആ കള്ളൻമാരുടെ കൈയിൽനിന്നും ഭൂമി ഏറ്റെടുക്കാൻ തയ്യാറാകണം. തയ്യാറാകുമോ ? അതാണ് ചോദ്യം. വിളവെടുപ്പു സമയമാണ് വരുന്നത്. ഈ വിളവെടുപ്പിനെങ്കിലും കള്ളൻമാർക്ക് ആ മുതൽ കൊണ്ടുപോകാൻ കഴിയാതെ സർക്കാരിൻറേതാക്കി മാറ്റിത്തീർക്കത്തക്കവണ്ണമുള്ള ഒരു നടപടി സ്വീകരിക്കാൻ കഴിയുമോ ? പാവപ്പെട്ട ആളുകൾക്ക് ഈ ഭൂമി കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? കിട്ടിയിട്ടുള്ള പതിനായിരത്തോളം പെറ്റീഷൻസ് പരിശോധിച്ച് അവർക്ക് ഭൂമികൊടുക്കുക; പാവപ്പെട്ട ദരിദ്ര കൃഷിക്കാരെ ആ ഭൂമിയിൽ നിന്ന് ഒഴിപ്പിക്കാതിരിക്കുക അതുകൊണ്ട് ഗവൺമെൻറിനോട് വീണ്ടും വീണ്ടും ആവശ്യപ്പെടുന്നത് ആ കള്ളൻമാരിൽനിന്നും, കൊള്ളക്കാരായ ആളുകളിൽനിന്നും ഈ ഭൂമി ഏറ്റെടുക്കണം എന്നാണ്. പക്ഷേ അത് അത്ര എളുപ്പം സാധിക്കുകയില്ല. കാരണം അവിടെയുള്ള ഉയർന്ന ഉദ്യോഗസ്ഥൻമാർ അവരെ സ്ഥലംമാറ്റം ചെയ്തുകൊണ്ടല്ലാതെ അവിടത്തെ കള്ളൻമാരെ മനസ്സിലാക്കാനും ഭൂമി ഏറ്റെടുക്കാനും കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അത്തരത്തിലുള്ള സത്വരമായ നടപടികളെടുത്താലല്ലാതെ അതിന് കഴിയുകയില്ല. ഈ കേരളത്തിൽ എല്ലാഭാഗത്തുനിന്നും ഉയർന്നുവന്നു—മാങ്കുളത്ത് കൊള്ള നടക്കുന്നുണ്ട്, അനീതി നടക്കുന്നുണ്ട് എന്ന്. സമരം നടത്തുന്നവർ ഞങ്ങൾ മാത്രമല്ല. സമരം നടത്തിയവരും സമരം പ്രഖ്യാപിച്ചവരും അപ്പുറത്തിരിക്കുന്നു. കാഹളം മുഴക്കുന്നു. ശ്രീ. സുന്ദരേശൻ നായർ അവിടെ നിരാഹാരം കിടന്ന കാര്യവും ഞാൻ ഓർക്കുന്നു. എന്തിനുവേണ്ടി; ആരെ സംരക്ഷിക്കാൻ വേണ്ടി, ആർക്കു സംരക്ഷണം കൊടുക്കണമെന്നു തീരുമാനിക്കാൻവേണ്ടി. അവരെ കൊള്ള ചെയ്യാൻ അനുവദിക്കാത്തത് ഞങ്ങൾ ആണെന്ന അഹന്തയാണ് വാസ്തവത്തിൽ. ഈ സമരത്തിന് അനുകൂലമായി നിന്നിട്ടുള്ളത് പൊതുതാൽപര്യത്തിനെതിരായിട്ടുള്ള ആ അഹന്തയാണ്. ആ അഹന്ത നമ്മുടെ രാജ്യത്തിലെ മണ്ണിനുവേണ്ടി ദാഹിക്കുന്ന മനുഷ്യനെതിരായിട്ടുള്ളതാണ്; ആ അഹന്ത കൊള്ളക്കാർക്ക് കൂട്ടുനിൽക്കുന്നതാണ്. ആ അഹന്ത അവസാനിപ്പിക്കുന്നതിനുള്ള സൻമനസ്സെങ്കിലും ഗവൺമെൻറിനു ഉണ്ടാകുമോ ? അതിനുവേണ്ടി സത്വരമായ നടപടികളെ സ്വീകരിക്കുമോ എന്നാണ് ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഗവൺമെൻറിനോട് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. സർക്കാർ ഏറ്റെടുത്ത എഴുപതുലക്ഷത്തോളംവരുന്ന മാങ്കുളംപ്രദേശത്തെ ഭൂമി ഭൂരഹിതരായ ആളുകൾക്ക് പതിച്ചുകൊടുക്കേണ്ടതാണ്. അവിടെ രണ്ടുപ്രാവശ്യം കുടിയിറക്കു നടന്നിട്ടുണ്ട്. 1975-ൽ ഏകദേശം 200 കുടുംബങ്ങളെയോളം അവിടെനിന്നും കുടിയിറക്കി. അതിനുശേഷം 1978-ൽ ആയിരത്തോളം കുടുംബങ്ങളേയും അവിടെനിന്നും കുടിയിറക്കി. അതിൽ പല കുടുംബങ്ങളും പത്തുവർഷത്തിൽ അധികമായി ആ പ്രദേശത്തു താമസിക്കുന്ന ആളുകളാണ്. സർ, അങ്ങനെ കുടിയിറക്കപ്പെട്ട അർഹരായിട്ടുള്ള ആളുകൾക്ക്, സാധാരണക്കാരായ ആളുകൾക്ക് അവിടത്തെ ഭൂമിയിൽ സ്ഥിരവാസം കൊടുക്കുന്നതിനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കേണ്ടതാണ്. പക്ഷേ ആ പ്രദേശത്ത് നമ്മുടെ പല ആളുകളും ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

കൈയേറുകയും അവിടെ ഏലം വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നാണ് ഇന്നുണ്ടായിരിക്കുന്ന ആക്ഷേപം. കഴിഞ്ഞ മേയ്മാസത്തെ പത്രത്തിൽ വളരെയേറെ ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. ഏകദേശം 15,000 ത്തോളം ഏക്കർ ഭൂമി ഈ നിയമസഭയിൽത്തന്നെ ചില അംഗങ്ങളുടെ നേതൃത്വത്തിൽ അവരുടെ നിർദ്ദേശപ്രകാരം കൈയേറി എന്നും അവിടെ ഏലം തോട്ടം വച്ചുപിടിപ്പിച്ചു എന്നും അതേക്കുറിച്ച് നടപടികളും എടുക്കാൻ ഉദ്യോഗസ്ഥൻമാർക്ക് പോലീസിന്റെ സംരക്ഷണം കൊടുക്കാൻ നടപടികളും സ്വീകരിച്ചില്ല എന്നും നമ്മുടെ സംസ്ഥാനത്ത് ദിനപത്രങ്ങളിൽ വാർത്ത വന്നു. 1979 മേയ്മാസം 5-ാം തീയതി ഒരു പത്രത്തിൽ ഞങ്ങളുടെ കേരളാ കോൺഗ്രസ്സിന്റെയും യുവജനപ്രസ്ഥാനമായ യൂത്ത്ഫ്രണ്ട് ഈ കുംഭകോണത്തെക്കുറിച്ച് അന്വേഷിക്കണമെന്നു പറഞ്ഞു. യൂത്തുകോൺഗ്രസ്സിന്റെയും അതുപോലെ മാർക്സിസ്റ്റുപാർട്ടിയുടേയും പല നേതാക്കൻമാരും കേരളാകോൺഗ്രസ്സിന്റെ ആളുകളും അവിടെ ഭൂമി കൈയേറി എന്ന ആക്ഷേപം പറഞ്ഞപ്പോഴാണ് ഞങ്ങളും ഈ ആവശ്യം മുന്നോട്ടുവച്ചത്. സർ, എനിക്കിതു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ആളുകളും നിഷ്പക്ഷമായും നീതിപൂർവകമായും ഭരണം നടത്തിയെന്നുള്ള വിശ്വാസം ഞങ്ങൾക്കുണ്ടായിരുന്നു. പക്ഷെ നിയമസഭയിൽത്തന്നെ പല ആളുകളും ആക്ഷേപിച്ചിട്ടുള്ളതുപോലെ, വി. ടി. സെബാസ്റ്റ്യനേറയും, അതുപോലെതന്നെ കെ. വി. കുര്യനേറയും, ജോർജ്ജ് മാത്യുവിനേറയുമൊക്കെ ആളുകളും മാങ്കുളം പ്രദേശത്ത് ഭൂമി കൈയേറിയെന്നും അവിടെ ഏലം വച്ചുപിടിപ്പിച്ചു എന്നും അവരെ ഒഴിപ്പിക്കാനുള്ള നിർദ്ദേശംപോലും അവിടത്തെ റവന്യൂ ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തില്ല എന്നുമുള്ള ആക്ഷേപം പലഭാഗത്തുനിന്നും ഉണ്ടായി. സർ, ഇതേക്കുറിച്ച് ഗൗരവമായിട്ട് അന്വേഷിക്കേണ്ടതാണ്. നീതിപൂർവകമായി നിഷ്പക്ഷമായി ഈ രാജ്യത്ത്.....

ശ്രീ. പി. സി. ജോസഫ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

(ബഹളം)

സർ, ഇവിടെ ഈ ആരോപണം ഉന്നയിക്കുന്നതിന് നേരത്തേ എഴുതിക്കൊടുക്കണമെന്നുള്ള ചട്ടം ഉള്ളപ്പോൾ അങ്ങനെ എഴുതിക്കൊടുക്കാതെ ഇവിടെ ഇങ്ങനെ ആരോപണം ഉന്നയിക്കുന്നത് ഓർഡറിലാണോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ പറഞ്ഞത് ഇവിടെ 1979 മേയ് മാസം 5-ാം തീയതിയിലെ ദിനപ്പത്രത്തിൽ വന്ന ഒരു വാർത്തയാണ്.

ശ്രീ. പി. സി. ജോസഫ്: സർ, റൂളിംഗ് വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സഭയിലെ മെമ്പറൻമാരെക്കുറിച്ചുള്ള ആരോപണങ്ങൾ ഒഴിവാക്കേണ്ടതാണ്.

ശ്രീ. ടി. എം. ജേക്കബ്: ഇത് ഈ സംസ്ഥാനത്ത് വളരെ വ്യാപകമായി ചർച്ചാവിഷയം ആയതാണ്. ഞങ്ങളുടെ പാർട്ടിക്കുള്ളിൽ ഈ ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കണമെന്ന ആവശ്യം ഞങ്ങൾ ഉന്നയിച്ചതാണ്. ഈ രാജ്യത്ത് നീതിപൂർവകമായ ഒരു ഭരണം നടത്തുവാൻ ചുമതലപ്പെട്ട ആളുകൾ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോസഫ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ രാജ്യത്ത് പലരും പലതും പറഞ്ഞുപോയി എന്നുപറഞ്ഞ് ഒരു മെമ്പർ ഈ സഭയിൽ വന്നുനിന്നുകൊണ്ട് ഈ സഭയിലെതന്നെ ഉത്തരവാദിത്വമുള്ള അംഗങ്ങളെപ്പറ്റി നോട്ടീസ് കൊടുക്കാതെ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ആരോപണങ്ങൾ ഒഴിവാക്കേണ്ടതാണെന്ന നിർദ്ദേശം നൽകിക്കഴിഞ്ഞു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ പറഞ്ഞത് 1979 മേയ് മാസത്തിൽ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി ചർച്ചാവിഷയമായ കാര്യമാണ്. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സഖാവ് കുഞ്ഞിക്കണ്ണൻ പറഞ്ഞു, ഈ സഭയിലെതന്നെ പല ആളുകൾക്കും അവിടെ ഭൂമിയുണ്ടെന്നും അതിനു നേതൃത്വം കൊടുത്തു എന്നും അദ്ദേഹം പറയുകയുണ്ടായി. പത്രത്തിൽ വന്ന അവസരത്തിൽ ഒരു നിഷേധക്കുറിപ്പെങ്കിലും കൊടുക്കാൻ തയ്യാറാകാതിരുന്ന ആളുകൾ എന്തിനാണ് ഇവിടെ വന്ന് ബഹളം വയ്ക്കുന്നത്.

(ബഹളം)

സർ, ഞാൻ പറയുന്നു നീതിപൂർവകമായി നിഷ്പക്ഷമായി.....

(ബഹളം)

ശ്രീ. പി. സി. ജോസഫ്: വി. ടി. സെബാസ്റ്റ്യൻ എം. എൽ. എ. യും, കെ. വി. കുര്യൻ എം. എൽ. എ. യും, ജോർജ്ജ് മാത്യു എം. പി. യും ഈ ഗവൺമെന്റ് അന്വേഷണം വയ്ക്കാൻ പ്രസ്താവന ഇറക്കുകയുണ്ടായി. ഇവിടെ കള്ളം പറഞ്ഞത് ഓർഡറിലാണോ സർ.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഒരു കള്ളപ്രചരണവും നടത്തിയിട്ടില്ല. ഈ രാജ്യത്ത് ജനങ്ങൾക്ക്.....

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സഭയിലെ മെമ്പർമാരെക്കുറിച്ചുള്ള ആരോപണങ്ങൾ ഉന്നയിക്കണമെന്നുണ്ടെങ്കിൽ മുൻകൂട്ടി എഴുതി അറിയിക്കേണ്ടതാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ പറഞ്ഞത് ഞങ്ങളുടെ പാർട്ടി ഒന്നായിരുന്ന സമയത്ത് 1979 മേയ് മാസത്തിൽ ഈ സംസ്ഥാനത്ത് ഉത്തരവാദപ്പെട്ട പല രാഷ്ട്രീയപ്രസ്ഥാനങ്ങളിലെ ആളുകളും ഞങ്ങൾക്കെതിരായി ആക്ഷേപങ്ങൾ ഉന്നയിച്ചു. അതേക്കുറിച്ചുംമറ്റുമാണ് 1979 മേയ് മാസം 5-ാംതീയതി ദേശാഭിമാനി പത്രത്തിൽ ഈ വനം കുംഭകോണത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് കേരള യൂത്ത്ഫ്രണ്ട് ആവശ്യപ്പെടുന്നതായ ഒരു വാർത്ത വന്നിട്ടുണ്ട്. ഈ ആക്ഷേപങ്ങളൊക്കെ ഉണ്ടായപ്പോൾ ഇതേക്കുറിച്ച് അന്വേഷിക്കണമെന്ന് ഞങ്ങൾ പറഞ്ഞു. കുറ്റക്കാരല്ല എങ്കിൽ, കുറ്റം ചെയ്തിട്ടില്ല എങ്കിൽ അത് ഈ രാജ്യത്തിലെ ജനങ്ങളുടെ അടുത്ത് ബോദ്ധ്യപ്പെടുത്താനുള്ള ചുമതല ഞങ്ങൾ ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രസ്ഥാനത്തിനുണ്ടായിരുന്നു. പക്ഷേ ഇവർ അതിനു തയ്യാറായില്ല. ഈ രാഷ്ട്രീയ പ്രസ്ഥാനത്തിനകത്ത് ഭിന്നിപ്പുണ്ടാകാനുള്ള മുഖ്യമായ ഒരു കാരണം ഈ സംസ്ഥാനത്ത് ഭരണരംഗത്ത് ഇരുന്നുകൊണ്ട് പല ക്രമക്കേടുകളും കുഴപ്പങ്ങളും നടത്തുവാൻ ഇവർ ശ്രമിച്ചതുകൊണ്ടാണ്. അതുകൊണ്ട് മാങ്കുളം പ്രദേശത്ത് പതിനായിരത്തോളം ഏക്കർ ഭൂമി ഈ പറഞ്ഞ ആളുകളുടെ നേതൃത്വത്തിൽ കൈയേറി; അവിടെയെല്ലാം ഏലത്തോട്ടം വച്ചുപിടി

LIBRARY ARCHIVES Kerala Legislative Assembly

ട്ടിച്ചു. ഞാൻ പറയുന്നതിൽ സത്യത്തിന്റെ കണികയാണ് ഏറ്റവും കൂടുതൽ, അസത്യത്തിന്റെ കണിക വളരെ കുറവും. നമ്മുടെ രാജ്യത്ത് വൻകിടക്കാരായ ചില ആളുകളും മാങ്കുളം ഭൂമി കൈയേറി ഏലത്തോട്ടം വച്ചുപിടിപ്പിച്ച് ഈ രാജ്യത്ത് പാവപ്പെട്ട ആളുകളെ ചൂഷണം ചെയ്യാൻ ഉണ്ടാക്കിയിരിക്കുന്ന ഈ സ്ഥിതിവിശേഷത്തിന് ഗവൺമെന്റ് ശക്തമായ നടപടികളും സ്വീകരിക്കണം. ഈ കൊള്ളക്കാരെ, ഈ അഴിമതിക്കാരെ അവിടെനിന്നും ഒഴിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കുകയും യഥാർത്ഥത്തിൽ വളരെ വർഷങ്ങളായി ഭൂമി കൈവശം വച്ച് അനുഭവിക്കുന്ന സാധാരണക്കാർക്ക് ഭൂമി പതിച്ചുകൊടുക്കാനുള്ള നടപടികളും സ്വീകരിക്കുകയും വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിൻതാങ്ങുകയാണ്.

ശ്രീ. ഇ. കെ. പിള്ള: സർ, പ്രമേയത്തിൽ നാലാംവരിയുടെ അവസാനം ആരംഭിക്കുന്ന ''ഒഴിപ്പിക്കപ്പെട്ട കൃഷിക്കാരെ'' എന്നതുമാറ്റി ''ഒഴിപ്പിക്കപ്പെട്ട കൃഷിക്കാരിൽ അർഹരായവരെ'' എന്നു ചേർക്കണം. ആറാം വരിയിൽ ''കൊടുക്കാനും'' എന്ന് കഴിഞ്ഞ് ''നറുക്കെടുപ്പിൽക്കൂടി ഭൂമി കൊടുക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള കൃഷിക്കാർക്ക് ഭൂമി കൊടുക്കുന്നതിനും'' എന്നുകൂടി ചേർക്കണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇക്കഴിഞ്ഞ പ്രാവശ്യം മാങ്കുളത്തുനിന്നും കൃഷിക്കാരെ ഒഴിപ്പിച്ച സന്ദർഭത്തിൽ മലയോര കർഷകസംഘത്തിന്റെ നേതൃത്വത്തിൽ ഞങ്ങൾ ആ സ്ഥലം സന്ദർശിക്കുകയുണ്ടായി. അവിടെനിന്നും ഞങ്ങൾക്ക് ബോധ്യപ്പെട്ട വസ്തുതകൾ അനുസരിച്ചാണ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നത്.

കണ്ണൻദേവൻ കമ്പനിയിൽനിന്നും ഈ സ്ഥലം ഏറ്റെടുക്കുന്നതിനു മുമ്പുതന്നെ അവിടെ ഒരുവിഭാഗം കൃഷിക്കാരുണ്ടായിരുന്നു. അതിനുശേഷവും ധാരാളം കൃഷിക്കാർ ആ ഭൂമിയിൽ പ്രവേശിച്ചിട്ടുണ്ട്. പക്ഷെ അതെല്ലാം വർഷങ്ങൾക്കുമുമ്പായിരുന്നു. അങ്ങനെയുള്ള ധാരാളം കൃഷിക്കാർ കുരുമുളക്, കമുങ്ങ് തുടങ്ങിയ വിലപിടിപ്പുള്ള ദേഹണ്ഡങ്ങൾ വച്ചുപിടിപ്പിച്ചും അവിടെ സ്ഥിരം പാർത്തും കഴിയുന്നവരാണ്. അവരിൽ രണ്ടുതരക്കാരുണ്ട്. ഒന്ന് മറ്റൊരിടത്തും ഒരുസെൻറുഭൂമിപോലും ഇല്ലാത്ത പാവംപിടിച്ച കൃഷിക്കാരാണ്. രണ്ട്, മാങ്കുളത്തിന്റെ പുറത്ത് ധാരാളം ഭൂമിയുള്ളവരും സൗകര്യപ്രദമെങ്കിൽ ഇതു കിട്ടണമെന്നുള്ള ജാഗ്രതയോടുകൂടി കയറിപ്രവേശിച്ച ധനികരായ കൃഷിക്കാരിൽപ്പെട്ടവരും. ഒഴിപ്പിക്കപ്പെട്ട കൃഷിക്കാർ അവിടെ മാടങ്ങൾ വച്ച് റോഡുവക്കിൽ കിടക്കുന്ന കാഴ്ച ഞങ്ങൾ കണ്ടതാണ്. അവർക്ക് മറ്റ് എങ്ങോട്ടും തിരിയാൻ സ്ഥലമില്ല. അതേസമയം അവിടെ പ്രവേശിച്ചിട്ടുള്ള ആളുകളിൽ അതേ മുഹൂർത്തത്തിൽത്തന്നെ അവിടംവിട്ടുപോയവരുണ്ട്. അങ്ങനെ ഒഴിപ്പിക്കപ്പെട്ട കൃഷിക്കാരെ പരിശോധിച്ചാൽ വേറെ ധാരാളം ഭൂമി കൈവശമുള്ളവരും ഒരുസെൻറു ഭൂമിപോലും ഇല്ലാത്തവരും എന്ന് രണ്ടുതരക്കാരുണ്ട്. അതാണ് ഞാൻ എന്റെ ഭേദഗതിയിൽ ഒഴിപ്പിക്കപ്പെട്ട കൃഷിക്കാരിൽ അർഹരായവർക്ക് ഭൂമി കൊടുക്കണമെന്നു പറയുന്നത്. ഒഴിപ്പിക്കപ്പെട്ടവരും വേറെ ഒരുസെൻറുഭൂമിപോലും ഇല്ലാത്തവരും ഒഴിപ്പിക്കപ്പെട്ടാൽ മലയിടുക്കിൽ കിടന്ന് മരിക്കേണ്ടിവരുന്നവരുമായ ആളുകളെ പുനരധിവസിപ്പിക്കുകതന്നെ ചെയ്യണം. അങ്ങനെ അവിടെനിന്നും ഒഴിപ്പിക്കപ്പെട്ട ആ കൃഷിക്കാരെ അധിവസിപ്പിക്കാതെ അവരുടെ കയ്യിലിരിക്കുന്ന സ്ഥലം ഏതു രൂപത്തിൽ മറ്റാർക്കെങ്കിലും കൊടുക്കാനോ അത് നടപടിക്ക് വിധേയമാക്കാൻപോയാലോ അത് നടക്കുന്നതല്ല എന്നകാര്യം ഈ സഭയുടെ മുൻപിൽ കൊണ്ടുവരാൻ ഞാനാഗ്ര

LIBRARY ARCHIVES Kerala Legislative Assembly

ഹിക്കുകയാണ്. അതേസമയം ചിറ്റിട്ട് എഴുന്നൂറിൽപരം ആളുകളെ എടുത്തിരിക്കുകയാണ്. ഈ ഒഴിപ്പിക്കപ്പെട്ട കൃഷിക്കാരുടെ കുടുംബങ്ങളിൽപെട്ടവരും വേറെ ഭൂമിയില്ലാത്തവരും ബഹുഭൂരിപക്ഷം വരുന്ന കർഷകത്തൊഴിലാളികളും അടങ്ങുന്ന ഒരുവിഭാഗത്തിനാണ് ഈ ചിറ്റു കിട്ടിയിട്ടുള്ളത്. ഈ ചിറ്റനുസരിച്ച് ഭൂമി അവിടെ കൊടുക്കുന്നതിന് ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. ഗവൺമെൻറ് ആത്മാർത്ഥമായി വിചാരിച്ചാൽ ഈ രണ്ടു പ്രശ്നങ്ങളും ഒരുപോലെ പരിഹരിക്കാൻ കഴിയും. ഒഴിപ്പിക്കപ്പെട്ട കർഷകരിൽ അർഹരായവരെ അവിടെ അധിവസിപ്പിക്കുന്നതും ഈ ചിറ്റ് അവകാശം അനുസരിച്ച് അവിടെ പുറത്തുനിൽക്കുന്ന ആളുകൾക്ക്—നിരാധാരരായ ആളുകൾക്ക്—ഭൂമി കൊടുക്കുന്നതും രണ്ടും വ്യത്യസ്തമായ കാര്യങ്ങളല്ല. അതുരണ്ടും അവിടെ നടപ്പാക്കണം. അതിന് ജാഗ്രതയോടുകൂടി പ്രവർത്തിക്കാൻ തയ്യാറായാൽ ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതോടൊപ്പം മലയോര കൃഷിക്കാർക്ക് പട്ടയം കൊടുക്കുകയെന്നുള്ള അടിയന്തിരമായ ആവശ്യത്തെസംബന്ധിച്ചിടത്തോളം ഗവൺമെൻറ് വേണ്ടത്ര കരുതലോടുകൂടി പ്രവർത്തിക്കേണ്ടതാണ്. നമ്മുടെ മലയോരപ്രദേശങ്ങളിൽ പതിനായിരക്കണക്കിന് കർഷകർക്ക് ഇനിയും പട്ടയം കൊടുക്കാനുണ്ട്. പലവിധകാര്യങ്ങളും പറഞ്ഞ് ഇന്നും കൊടുക്കാതെയുണ്ട്. അങ്ങനെ പട്ടയങ്ങളും കിട്ടുമെന്നുള്ള പ്രതീക്ഷയേടുകൂടി ഈ മാങ്കുളം കർഷകർ കഴിയുമ്പോഴാണ് അവരെ ആദ്യം ഒഴിപ്പിച്ചത്. വീണ്ടും രണ്ടാമത് ഒഴിപ്പിക്കപ്പെട്ടത്. അവർക്ക് വേറെ ഒരാധാരവുമില്ല. ഇവരെ തെരുവാധാരമാക്കുന്ന ആ നടപടി മലയോരകർഷകർക്ക് പട്ടയം കൊടുക്കാനുള്ള ഗവൺമെൻറിൻെറ നടപടി ജാഗ്രതയോടുകൂടി നടക്കാത്തതിൻെറ ഫലമായിട്ടാണെന്ന് തുറന്നു പറയുന്നതിൽ അശേഷം മടിയില്ല. അതാണ് ഈ ഒഴിപ്പിക്കപ്പെട്ട കൃഷിക്കാരിൽ അവിടെ അർഹരായവരെ തെരഞ്ഞെടുത്ത് അവർക്ക് ഭൂമി കൊടുക്കുന്നതിനും നറുക്കെടുപ്പിൽകൂടി അവകാശം സിദ്ധിക്കാൻവേണ്ടി കാത്തുനിൽക്കുന്ന പാവപ്പെട്ട ആളുകൾക്ക് ആ ഭൂമി കൊടുക്കണമെന്നും മലയോര കർഷകസംഘവും കേരളത്തിലെ കർഷകതൊഴിലാളിപ്രസ്ഥാനവും ആവശ്യപ്പെട്ടിട്ടുള്ളത്. നമ്മുടെ ഗവൺമെൻറിനോട് പലപ്രാവശ്യം നിവേദനങ്ങൾ സമർപ്പിച്ച് അധികാരികളോട് സംസാരിച്ചിട്ടുള്ളതുമാണ്. അതിൽ ഒരു തീരുമാനവും എടുക്കാത്തത് ഖേദകരമായിപ്പോയിയെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഏലത്തോട്ടം വച്ചുപിടിപ്പിച്ച വലിയ കൃഷിക്കാരെ ഒഴിപ്പിക്കുന്ന കാര്യത്തിൽ ഈ സഭയിൽ ആർക്കും ഒരു പ്രതിഷേധവും ഉണ്ടാകേണ്ട കാര്യമില്ല. കൃഷിക്കാരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന ഒറ്റ പ്രശ്നത്തിൽ മാത്രമേ വ്യത്യസ്തമായ അഭിപ്രായങ്ങൾ വരാനുള്ളു. അതിൽ അർഹമായ കൃഷിക്കാർക്ക് ഭൂമി കൊടുക്കുന്നതിന് സത്വരമായ നടപടി ഏറ്റവും വേഗം എടുത്ത് അവിടത്തെ പ്രശ്നം പരിഹരിക്കണമെന്ന് ഒന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ഓ. ലൂക്കോസ്</u>: പ്രമേയത്തിൽ ''മാങ്കുളം പ്രദേശത്ത്'' എന്നതിനുശേഷം ''ഉംപ്പെടെ'' എന്നുകൂടി ചേർക്കുക എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. സർ, ശ്രീമാൻ കുഞ്ഞിക്കണ്ണൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൽ അദ്ദേഹം പ്രകടിപ്പിച്ച മുഴുവൻ വികാരത്തോടും ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു. സർ, കേരളത്തിലെ മലയോരപ്രദേശങ്ങളിൽ മണ്ണിനോട് മല്ലടിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്ന പാവപ്പെട്ടവർ കയ്യേറ്റങ്ങൾ നടത്തിയിട്ടുണ്ട്. അവർ ദേഹണ്ഡങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. അവർക്ക് സ്ഥിരാവകാശം കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് പരിഗണിക്കുകയും വേണം. നേരെമറിച്ച് ഈ രാജ്യത്ത് മുതലാളിമാർ ആരെ

LIBRARY ARCHIVES Kerala Legislative Assembly

കിലും മറ്റു ഭൂമിയും സൗകര്യങ്ങളും ഉള്ള ആരെങ്കിലും ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത്തരക്കാരിൽനിന്നും ആ കൈവശാവകാശം ഒഴിവാക്കുക മാത്രമല്ല അവരെ ജയിലിൽ അടയ്ക്കാനുള്ള നിയമനിർമ്മാണം വരെ കൊണ്ടുവരുന്നതിനോടും ഞാനും എന്റെ പാർട്ടിയും യോജിക്കുകയാണ്. സർ, ശ്രീമാൻ റ്റി. എം. ജേക്കബ് പറഞ്ഞതിനെപ്പറ്റി മറുപടി പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഞാൻ ബഹുമാന്യനായ റവന്യൂ മന്ത്രിയോട് വിനീതനായി അപേക്ഷിക്കുന്നു, മാങ്കുളത്തെ ഭൂമി കയ്യേറ്റത്തെപ്പറ്റി അങ്ങ് അന്വേഷിക്കണമെന്ന്. സർ, കേരളാകോൺഗ്രസ്സിന്റെ ചെയർമാൻ ശ്രീ. വി. റ്റി. സെബാസ്റ്റ്യനോ, ശ്രീ. ജോർജ് മാത്യു എം. പി. ക്കോ അല്ലെങ്കിൽ കേരളാകോൺഗ്രസ്സിന്റെ ഉത്തരവാദിത്വമുള്ള നേതാക്കൻമാർക്കോ ആർക്കെങ്കിലും അവരുടെ പേരിലോ, അവരുടെ ഭാര്യമാരുടെ പേരിലോ, അവരുടെ മക്കളുടെ പേരിലോ മക്കളുടെ ഭർത്താക്കൻമാരുടെ പേരിലോ ഒരിഞ്ചുഭൂമിയെങ്കിലും കൈവശപ്പെടുത്തി അവിടെ ഏലം വച്ചുപിടിപ്പിക്കുകയോ കയ്യേറുകയോ ചെയ്തിട്ടുണ്ടെന്ന് തെളിഞ്ഞാൽ എന്റെ രാഷ്ട്രീയ പ്രസ്ഥാനത്തെ പിരിച്ചുവിടാൻ തയ്യാറാണെന്ന് പരസ്യമായി നിയമസഭാവേദിയിൽനിന്ന് വെല്ലുവിളിയുടെ സ്വഭാവത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നു.

സർ, ജേക്കബ് പറയുന്നതിന് മറുപടി പറയാൻ ഞാൻ ഒരുങ്ങുന്നില്ല. കാരണം, ഈ രാജ്യത്ത് അഴിമതിവിരുദ്ധ ജാഥ നടത്തിയിട്ട്, കാസർകോട് നിന്നും കണ്ണൂരിൽനിന്നും അഴിമതി വിരുദ്ധജാഥയുമായി പുറപ്പെട്ടിട്ട്, ജാഥ തുടങ്ങിയതിന്റെ തലേദിവസം കണ്ണൂരിൽ ശ്രീധരൻ എന്ന് പറയുന്ന കള്ളുഷാപ്പ് കോൺട്രാക്ടറുടെ വീട്ടിൽ അഴിമതി വിരുദ്ധജാഥയുടെ ജീപ്പ് കൊണ്ടുപോയി പിരിവ് നടത്തിയിട്ട് അഴിമതി വിരുദ്ധജാഥ നടത്തിയ ജേക്കബ് പറയുന്ന മറുപടി വളരെ രസമാണ്.

(ബഹളം.....)

ശ്രീ. റ്റി. എം. ജേക്കബ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ ആക്ഷേപം ഞാൻ ആദ്യമായി നിഷേധിക്കുന്നു. അടിസ്ഥാനരഹിതമായ ആക്ഷേപങ്ങളും മുൻകൂർ എഴുതിക്കൊടുക്കാതെ പറയുന്നത് ശരിയാണോ? ശ്രീ. ഓ. ലൂക്കോസ് അടക്കമുള്ള ആളുകളും നമ്മുടെ സംസ്ഥാനത്ത് കാണിച്ചിരുന്ന അഴിമതികളൊക്കെ രംഗത്തുവരാൻ തുടങ്ങിയപ്പോൾ ഞങ്ങളെപ്പറ്റി എന്തെങ്കിലുമൊക്കെ പറഞ്ഞ് ആത്മസംതൃപ്തിയടയാനാണ് ആഗ്രഹമെങ്കിൽ ഞങ്ങൾക്ക് അതിൽ വിരോധമില്ല. അതുകൊണ്ട് അത്തരം ആക്ഷേപങ്ങളും ഉന്നയിക്കുന്നത് ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സഭയിൽ നേരത്തെ പറഞ്ഞതാണ്, സഭയിലുള്ള മെമ്പർമാരെക്കുറിച്ചുള്ള പരാമർശങ്ങളും ഒഴിവാക്കണമെന്ന്. വ്യക്തമായ ആരോപണങ്ങളും ഉണ്ടെങ്കിൽ മുൻകൂറായി അറിയിച്ചതിനു ശേഷം ഉന്നയിക്കേണ്ടതാണ്.

ശ്രീ. ഓ. ലൂക്കോസ്: സർ, ആരോപണം ഉന്നയിക്കുന്ന ആളുകളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതുപോലെതന്നെ നഗ്നചിത്രങ്ങളും നിരോധിക്കുന്നതിനുവേണ്ടി എറണാകുളത്തുവച്ച് നഗ്നചിത്രങ്ങളുടെ വാരംപോസ്റ്ററുകളും വലിച്ചുകീറിക്കൊണ്ട് അതിന് ഒരു പരിപാടി ആരംഭിച്ച ജേക്കബ്, കോളേജ് വിദ്യാഭ്യാസം നടത്തുമ്പോൾ തിരുവനന്തപുരത്തെ തെരുവീഥിയിലൂടെ തുണിയില്ലാതെ ഓടിയിട്ടുള്ള ആളാണെങ്കിൽ, അദ്ദേഹം ഇങ്ങനെ പറയുന്നതിനെക്കുറിച്ച് എനിക്കൊന്നും പറയാനില്ല. സർ, എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം എന്റെ പാർട്ടി നേതാക്കൻമാർ ആരെങ്കിലും ഇങ്ങനെ ചെയ്തു എന്ന് പറയുന്നത് കേരളാകോൺ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രസ്സിനെ ഒറ്റുകൊടുക്കാൻവേണ്ടി, 30 വെള്ളിക്കാശിനുവേണ്ടി കേരളാ കോൺശ്രസ്സിന്റെ കൊടി പണയംവയ്ക്കാൻ തയ്യാറായ ആളുകളാണ്. ഈ പാർട്ടിയെ പിളർക്കാൻ എന്തുപോംവഴിയെന്ന് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാ അഴിമതിവിരുദ്ധ സൽഭരണത്തെക്കുറിച്ചുള്ള പുതിയ മുദ്രാവാക്യവുമായി ഇറങ്ങിത്തിരിച്ച അവരുടെ ഈ കപ്പൽ തിരുവല്ലായിലെ തെരഞ്ഞെടുപ്പിലും മറ്റു ഉപതെരഞ്ഞെടുപ്പുകളിലും പരാജയപ്പെട്ട് മുങ്ങാൻ പോകുന്നുവെന്ന് തോന്നിയപ്പോഴാ കൊച്ചുവള്ളത്തിൽ കയറി രക്ഷപ്പെടാൻ ശ്രമിക്കുന്നതും, കപ്പലിൽനിന്ന് ഇറങ്ങി ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നതും ഞങ്ങൾക്ക് മനസ്സിലാക്കാം. പക്ഷെ ഈ കപ്പലിൽത്തന്നെ ഇരിക്കുന്ന ആളുകളുടെമേൽ അമേദ്യം വാരി എറിഞ്ഞിട്ട് പോകുമോ സർ? ജേക്കബ് പറഞ്ഞത് അതാണ്. ഞങ്ങൾ അത് ചെയ്യാൻ തുനിഞ്ഞില്ല. അഴിമതിയെപ്പറ്റി ജേക്കബ് പറഞ്ഞു, അന്വേഷിപ്പിക്കണമെന്ന്. ഞാൻ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയോട് ആവശ്യപ്പെടുകയാണ് മാങ്കുളത്തെ ഭൂമികയ്യേറ്റത്തെക്കുറിച്ച് അന്വേഷിക്കണമെന്ന്. ഞാൻ പറയുന്ന എന്റെ പാർട്ടിയുടെ ചെയർമാൻ ശ്രീ. വി. റ്റി. സെബാസ്റ്റ്യൻ, ശ്രീ കെ. വി. കുര്യൻ, ഡോ: ജോർജ്മാത്യു, എം. പി. ഇവരുടെ ആരുടെയെങ്കിലും പേരിൽ മാങ്കുളത്ത് ഭൂമി ഉണ്ടെങ്കിൽ അവരുടെ പേരിൽ മാത്രമല്ല അവരുടെ മക്കളുടെ പേരിലുണ്ടെങ്കിൽ അവരുടെ കെട്ടിച്ചുവിട്ട പെൺമക്കളുടെ ഭർത്താക്കൻമാരുടെ പേരിൽ ഭൂമിയുണ്ടെങ്കിൽ.....

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): ആരുടെയും പേരിലുള്ള ഭൂമിയല്ല, സർക്കാരിന്റെ ഭൂമിയാണ്. പിന്നെ എങ്ങനെയാണ് ആരുടെയെങ്കിലും പേരിൽ കാണുന്നത്.

ശ്രീ. ഒ. ലൂക്കോസ്: അവരുടെ ആരുടെയെങ്കിലും കൈവശം ഭൂമിയുണ്ടെങ്കിൽ, ഞാൻ പറഞ്ഞ വാക്ക് ഒന്നുകൂടി ആവർത്തിക്കുന്നു, എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം, ഞാൻ ശ്രീ. റ്റി. എം. ജേക്കബിന്റെ വെല്ലുവിളി സ്വീകരിക്കുന്നു. അല്ലാതെ ഇങ്ങനെ നിയമസഭാതലത്തിൽ വന്ന് അമേദ്യം വാരിയെറിഞ്ഞ്, നല്ലപിള്ള ചമയുന്ന ആളുകളെ സംബന്ധിച്ച്, ഈ രാജ്യത്തെ ജനങ്ങൾ കണ്ടുകൊണ്ടാണിരിക്കുന്നത്, അഴിമതിക്കാർ ആരാണെന്ന്. ഈ രാജ്യത്ത് കാൽനടജാഥ നടത്തിയത്, ജീപ്പ്ജാഥ നടത്തിയത്, ഒന്നരരൂപ രണ്ടുരൂപ വിലപിടിപ്പുള്ള വാറംപോസ്റ്റുകാർഡ് പതിനായിരക്കണക്കിന് ഒട്ടിച്ചത് ശ്രീ. ജേക്കബിന്റെ വീട്ടിൽ കണ്ടവും, പറമ്പും വിറ്റുകിട്ടിയ കാശുകൊണ്ടായിരിക്കും എന്ന് മനസ്സിലാക്കാൻ ഈ രാജ്യത്തെ ജനങ്ങൾ അത്ര വിഡ്ഢികളല്ല. പണം എവിടെനിന്ന് കിട്ടുന്നുവെന്ന് ഞങ്ങൾക്കറിയാം. എറണാകുളം—കൊച്ചിൻ ടൂറിസ്റ്റുഹോമിൽവച്ച് 18 ലക്ഷം രൂപ കൈയിൽ വാങ്ങിച്ചതിനുശേഷമാണ്—ഈ പാർട്ടി പിളർക്കാൻ യൂദാസുകൾ ഒറ്റുകൊടുത്തത് എന്നുള്ള സത്യവും ഈ രാജ്യത്തെ ജനങ്ങൾക്ക് അറിയാവുന്നതാണ്. മാങ്കുളത്തെ ഭൂമിയുടെ കാര്യത്തിൽ ഗവൺമെൻറ് നിഷ്പക്ഷമായി ഒരു അന്വേഷണം നടത്തി, ഭൂമി കൊടുക്കേണ്ടവർക്ക് ഭൂമി കൊടുക്കണമെന്ന് ഒന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ശ്രീ. കുഞ്ഞിക്കണ്ണന്റെ പ്രമേയത്തെ പരിപൂർണ്ണമായി പിൻതാങ്ങുന്നു.

(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറൻമാർ സഭാനടപടിചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ഇങ്ങനെ എഴുന്നേറ്റുനിന്ന് പ്രസംഗിക്കാൻ തുടങ്ങിയാൽ വലിയ വിഷമമാണ്. അതുകൊണ്ട് എല്ലാ ബഹുമാനപ്പെട്ട മെമ്പറൻമാരും സഭാനടപടി ചട്ടങ്ങളോട് ബഹുമാനം കാണിക്കുന്നത് ഈ

സഭയോട് കാണിക്കുന്ന ബഹുമാനമാണ്, ഈ സ്റ്റേറ്റിലെ മുഴുവൻ ജനങ്ങളോടും കാണിക്കുന്ന ബഹുമാനമാണ്. ആ ബഹുമാനം കാണിക്കണമെന്ന് ഞാൻ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ആർ. ഫ്രാൻസിസ്: മാങ്കുളം പ്രദേശത്ത് ഭൂമി കൈയ്യേറ്റം ചെയ്യുന്നവരെ ഒഴിപ്പിച്ച് അവർക്ക് പകരം ഭൂമി കൊടുക്കുന്നതോ ടൊപ്പംതന്നെ കേരളത്തിന്റെ പല ഭാഗങ്ങളിലും ഇതുപോലുള്ള ഒഴിപ്പിക്കൽ നടപടികളുണ്ടായിട്ടുണ്ട്—അവർക്കും ഭൂമി കൊടുക്കണമെന്ന് ഈ അവസരത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്.

[Sri E. Chandrasekharan Nair in the Chair]

നമ്മുടെ സംസ്ഥാനത്തിലെ പതിനായിരക്കണക്കിന് മലയോരകർഷകർക്ക്, കഴിഞ്ഞ 20—25 കൊല്ലമായി കൃഷിചെയ്ത് ജീവിച്ചുവരുന്നവർക്ക്, ആ ഭൂമി ഉടൻതന്നെ പതിച്ച് പട്ടയം കൊടുക്കണമെന്ന് ഈ സഭയിൽതന്നെ പല പ്രാവശ്യം ചർച്ച ചെയ്തിട്ടും, പട്ടയം കൊടുക്കുന്ന സംപ്രദായം വളരെ പതുക്കെ പതുക്കെ ഇഴഞ്ഞു നീങ്ങുകയാണ്. ഈ രാജ്യത്തിലെ നാണ്യവിള ഉൽപാദിപ്പിക്കുന്നവരും, വളരെക്കാലമായി അവരുടെ സർവ്വസ്വവും ഭൂമിയിൽ ചിലവഴിച്ച് കൃഷിചെയ്ത് വരുന്നവരുമായ മലയോരകൃഷിക്കാർക്ക് ഒരു പരിധിവച്ചുകൊണ്ട് ഭൂമി പതിച്ചുകൊടുക്കേണ്ടതാണ്. വളരെക്കാലമായി ഈ സഭയിൽ ചർച്ച നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണിത്. ഇത് ഇനി ഒട്ടും നീട്ടിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല. കാരണം ഇങ്ങനെ കൃഷിചെയ്തുവരുന്നവർക്ക് സർക്കാരിന്റെ സഹായം ലഭ്യമാകുന്നില്ല. ഭൂമി പതിച്ചുകിട്ടാത്തതുകൊണ്ട്, പട്ടയം കിട്ടാത്തതുകൊണ്ട്, സംയോജിത ഗ്രാമവികസന പരിപാടിയുടെ അടിസ്ഥാനത്തിലുള്ള സഹായമോ, അല്ലെങ്കിൽ സഹകരണസംഘങ്ങളിൽനിന്നോ, എസ്. എഫ്. ഡി. എ. യിൽ നിന്നോ ഉള്ള സഹായം അവർക്ക് കിട്ടുന്നില്ല. അതുകൊണ്ട് അവർക്ക് ഉടൻതന്നെ ഭൂമി പതിച്ചുകൊടുത്ത് സർക്കാരിന്റെ സഹായം ലഭിക്കുന്നതിന് ഇടവരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: പ്രമേയത്തിൽ രണ്ടാമത്തെ വരിയിൽ "വൻകിടക്കാരെ" എന്ന വാക്കിനുശേഷം "അവരുടെ കൈവശഭൂമിയുടെ പരിധി നിർണ്ണയിച്ചശേഷം" എന്ന വാക്കുകൂടി ചേർക്കണം എന്നുള്ള എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മാങ്കുളം പ്രദേശത്ത് ഭൂമി കൈയ്യേറിയിട്ടുള്ള ആളുകൾ അധികഭൂമി കൈവശമുള്ള ആളുകളാണെങ്കിൽ അവരെ ഇറക്കി വിടുന്നതിനും ഒട്ടും ഭൂമി കൈവശമില്ലാത്ത ആളുകളാണെങ്കിൽ, ആ ഭൂമി ഗവൺമെന്റിന് ആവശ്യമില്ലാത്ത ഭൂമിയാണെങ്കിൽ—അത് പതിച്ചുകൊടുക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് പറഞ്ഞുകൊണ്ട് ഒരു കാര്യം കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഈ വനം കയ്യേറ്റമെന്ന് പറഞ്ഞാൽ അത് ആദ്യത്തെ സംഭവമായി കരുതാൻ നിവൃത്തിയില്ല. ധാരാളം വനഭൂമി കയ്യേറ്റം ഈ രാജ്യത്ത് നടക്കുന്നുണ്ട്. ഇതിന്റെ ഫലമായി ആരെല്ലാം എന്തെല്ലാം പറഞ്ഞാലും ശരിതന്നെ, കാലാകാലങ്ങളിൽ നമ്മുടെ രാജ്യത്ത് മഴയില്ലാത്ത ഒരു അവസ്ഥ ഉണ്ടാകുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലൊക്കെ മഴയില്ലാതെ വരൾച്ച ഉണ്ടായെങ്കിൽതന്നെയും നമ്മുടെ കേരളത്തിൽ നമ്മുടെ വനസമ്പത്ത് അതായത് റിസർവ്വ്

LIBRARY ARCHIVES Kerala Legislative Assembly

വനങ്ങളുണ്ടായിരുന്ന ആ കാലഘട്ടങ്ങളിലൊക്കെ കാലംകാലങ്ങളിൽ മഴപെയ്യുന്ന ഏർപ്പാടുണ്ടായിരുന്നു. ഇന്ന് മഴ പെയ്യാത്ത ഒരവസ്ഥ നമ്മുടെ രാജ്യത്ത് ഉണ്ടായിരിക്കുകയാണ്. കഴിഞ്ഞ കർക്കിടകമാസത്തിൽ പെയ്യേണ്ട മഴ ഈ കന്നിമാസത്തിൽ ചില ദിവസങ്ങളിൽമാത്രം ഉണ്ടായ അനുഭവമാണ് ഉണ്ടായിരിക്കുന്നത്. അതിന്റെ കാരണം വ്യക്തമായി പറഞ്ഞാൽ, ഇതിനെക്കുറിച്ച് ഗവേഷണം നടത്തിയ ശാസ്ത്രജ്ഞൻമാർ പറഞ്ഞ അഭിപ്രായം വച്ചുകൊണ്ട് ഞാൻ പറയുകയാണ്, നമ്മുടെ രാജ്യത്തെ റിസർവ്വ് വനങ്ങളും നഷ്ടപ്പെട്ടതുകൊണ്ടാണ് കാലാവസ്ഥക്ക് മാറ്റം വന്നതെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത്, നമ്മുടെ രാജ്യത്തെ ഈ വനഭൂമികളൊക്കെ പരിശോധിച്ചതിനുശേഷം പതിച്ചുകൊടുക്കാൻ കഴിയുന്ന ഭൂമികളെല്ലാം ഭൂമിയില്ലാത്ത ആളുകൾക്ക് പതിച്ചുകൊടുക്കുകയും അതേസമയം റിസർവ്വ് വനങ്ങളായി സൂക്ഷിക്കണമെന്ന് നിർബന്ധമുള്ള വനങ്ങളിൽ ആരും കയ്യേറാതെ, അവർ എത്ര പ്രഗൽഭൻമാരായിരുന്നാലും, ആ ഭൂമി കൈവശപ്പെടുത്താതിരിക്കാനുള്ള നടപടികളും സ്വീകരിക്കണമെന്നും, നമ്മുടെ രാജ്യത്തെ റിസർവ്വ് വനങ്ങളും സൂക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ചെയ്യേണ്ടത് ചെയ്യേണ്ടപ്പോൾ ചെയ്യേണ്ടതുപോലെ ചെയ്യാത്തതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളുടെ ഒരു നല്ല ഉദാഹരണമാണ് മാങ്കുളം പ്രശ്നം. കണ്ണൻദേവൻ കമ്പനിയിൽ നിന്നും ഗവൺമെന്റ് ഈ ഭൂമി ഏറ്റെടുക്കുമ്പോൾ ഇരുന്നൂറോളം കർഷകകുടുംബങ്ങൾ കണ്ണൻദേവൻ കമ്പനിയിലെ ഉദ്യോഗസ്ഥൻമാരുടെ അനുവാദത്തോടുകൂടി അവിടെ കയറി കൃഷിചെയ്ത് ജീവിച്ചുവരികയായിരുന്നു. 1971-ലെ സെൻസസ് റിപ്പോർട്ടിലുള്ളവർ, റേഷൻ കാർഡുള്ളവർ, വോട്ടേഴ്സ് ലിസ്റ്റിൽ പേരുള്ളവർ—അങ്ങനെ ഇരുന്നൂറോളം കുടുംബങ്ങൾ. പക്ഷേ ഗവൺമെന്റ് സ്വർണ്ണം വിളയുന്ന ഈ ഭൂമി ഏറ്റെടുത്ത് വെറുതെയിട്ടിരുന്നതുകൊണ്ട് ആളുകൾ കയ്യേറി കൃഷിചെയ്തു. 1979 ആയിട്ടും ഈ ഭൂമി സർവ്വേ ചെയ്തിട്ടില്ല. അത് പതിച്ചു കൊടുക്കുവാനുള്ള സംവിധാനവും ഉണ്ടാക്കിയിട്ടില്ല. 1971-ൽ ഭൂമി ഏറ്റെടുത്ത് കഴിഞ്ഞിട്ട് അത് വെറുതെ ഇട്ടിരുന്നു. കുറെക്കാലം കഴിഞ്ഞപ്പോൾ വളരെ പെട്ടെന്ന് വെളിയിൽനിന്ന് കൈയ്യേറ്റമുണ്ടായി. 1975-ലാണ് ആദ്യത്തെ കുടിയിറക്ക് ആരംഭിച്ചത്. വളരെയേറെ ആളുകൾ അപ്പോഴേക്കും കുടിയേറിക്കഴിഞ്ഞിരുന്നു. രണ്ടു കൂട്ടം കയ്യേറ്റക്കാരുണ്ട്. ഒന്ന് ശ്രീ. കുഞ്ഞിക്കണ്ണൻ വളരെ വ്യക്തമായി വിവരിച്ച ആളുകൾ, വളരെ സമ്പന്നരായ ആളുകൾ, വനം കൊള്ളക്കാർ, ബാങ്ക് ഉടമകൾ, പോലീസ് ആഫീസേഴ്സ്, ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ, റവന്യൂ ഉദ്യോഗസ്ഥൻമാർ ഇങ്ങനെ കുറെപേർ കാടിനകത്ത് ഏലം കൃഷിചെയ്തു. എഴുപതിനായിരം ഏക്കർ ഭൂമിയിൽ വന്യമൃഗങ്ങളെ വളർത്താൻവേണ്ടി കാടായിട്ട് ഇട്ടിരുന്ന ഭൂമിവരെ അവർ കൈയ്യടക്കി. 65,000 ഏക്കർ ഭൂമി ഇങ്ങനെ കൃഷിചെയ്തു. പാവപ്പെട്ട ആളുകളുടെ കയ്യിലുള്ളത് വെറും ആയിരം ഏക്കറിനകമാണ്. മറ്റെങ്ങും ഭൂമിയില്ലാത്ത ആളുകളാണിവർ. ഗവൺമെന്റ് ഇപ്പോഴും കൈയ്യേറ്റക്കാർ എന്ന് പറയുന്നത് ഈ ആയിരം ഏക്കർ ഭൂമി കൈയ്യേറിയവരെയാണ്. 65,000 ഏക്കർ ഭൂമി കൈയ്യേറിയവരെ കൈയ്യേറ്റക്കാരായി ഗവൺമെന്റ് കാണുന്നില്ല, 1975-ൽ കുടിയിറക്കിയപ്പോഴും പാവപ്പെട്ട ഈ കുടുംബങ്ങളെയാണ് തീവച്ച് പുറത്തുവിട്ടത്, വൻകിട കൈയ്യേറ്റക്കാരെ ഒന്നും ചെയ്തില്ല. തീവച്ച് പുറത്തുവിട്ട കുടുംബക്കാർ ഇവിടെവന്ന് സമരവും സത്യാഗ്രഹവുമൊക്കെയിരുന്നു. അതൊന്നും വകവച്ചില്ല. അവർ തിരിയെ പോയി. ഇതിനിടയ്ക്ക് വീണ്ടും കൈയ്യേറ്റം നടന്നു. മറ്റെങ്ങും ഭൂമിയില്ലാത്ത രണ്ടായിരത്തോളം

LIBRARY ARCHIVES Kerala Legislative Assembly

പേർ ഈ ഭൂമിയിൽ കൃഷി ചെയ്തു. 65,000 ഏക്കർ ഭൂമി വൻകിടക്കാർ കൈയ്യേറി വച്ചിട്ടുണ്ട്. ഇപ്പോഴേ കുടിയിറക്ക് ഭീഷണിയുണ്ടെന്നാണ് പറയുന്നത്, ആരെയാണ് സർ കുടിയിറക്കേണ്ടത്? ഈ ഭൂമി തിരിച്ചെടുത്ത് പാവപ്പെട്ട ആളുകൾക്ക് പതിച്ചുകൊടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുവെങ്കിൽ ചെയ്യേണ്ടത് ഈ വൻകിടക്കാരെ കുടിയിറക്കുകയാണ്. അവരുക്കെതിരെ യാതൊരു നടപടിയും ഉണ്ടാകുന്നില്ല. അതിന് പകരം കളക്ടർ അങ്ങോട്ട് ചെല്ലും, പാവപ്പെട്ട കുടുംബങ്ങളെയൊക്കെ തീവച്ച് പുറത്തിറക്കും. രണ്ടു പ്രാവശ്യം അങ്ങനെ ഉണ്ടായതാണ്. അത് വളരെ കഷ്ടമുള്ള കാര്യമാണ്. ജനാധിപത്യവും, സോഷ്യലിസവും പ്രസംഗിക്കുകയും, ഒരേക്കർ മാത്രം ഭൂമിയുള്ള ഒരു ജൻമിയുടെ വീട്ടിൽനിന്നും ഒരു പാവപ്പെട്ട കുടിയാനെ പുറത്തിറക്കുന്നതിന് എതിരായിട്ട് കൊടിപിടിക്കാൻ പോകുന്ന ആളുകളുമാണ് നമ്മൾ. പതിനായിരം കുടുംബങ്ങളെ തീവച്ച് പുറത്തിറക്കുന്നതിന് എതിരായിട്ട് ഒന്നും ചെയ്യാതെ, അതിനെതിരായിട്ട് ഒന്നും പ്രവർത്തിക്കാതിരിക്കുന്ന ഈ നിലപാട് ശരിയല്ല. മറ്റൊരു പ്രശ്നം കൂടി ഉണ്ടായിട്ടുണ്ട്.

ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള എഴുപതിനായിരം അപേക്ഷകളിൽ നിന്ന് 700 പേരുടെ ഒരു ലിസ്റ്റുണ്ടാക്കി. ലിസ്റ്റുണ്ടാക്കണമെങ്കിൽ സാധാരണഗതിയിൽ ജനപ്രതിനിധികളെയൊക്കെ വിളിച്ചു കൂട്ടി, നറുക്കെടുപ്പൊക്കെ നടത്തണം. അതൊന്നുമില്ലാതെ ഒരു ലിസ്റ്റെടുത്തു വച്ചിട്ടുണ്ട്. എന്തായാലും അവർക്ക് ഭൂമി പതിച്ചു കൊടുക്കാമെന്ന് കാർഡ് കൊടുത്തു. അവർക്ക് ഭൂമി പതിച്ചുകൊടുക്കണം; അതൊന്ന്. മറ്റൊന്ന് പത്തും പതിനൊന്നും വർഷമായി കൃഷിചെയ്യുന്ന പാവപ്പെട്ട ആളുകളെ നിലനിർത്തണം. ഇതുരണ്ടും സാധിക്കണമെങ്കിൽ സർവ്വേ നടത്തണം. സർവ്വേ പൂർത്തിയായാൽ ഈ 700 പേർക്ക് ഭൂമി കൊടുക്കാനും, ആറേഴ് വർഷമായി അവിടെ ദേഹണ്ഡിച്ച് കഴിയുന്ന ആളുകൾക്കും കൂടി ഭൂമി കൊടുക്കാനും സാധിക്കും. ഈ സർവ്വേ വളരെ വേഗം പൂർത്തിയാക്കി ഈ പഴക്കമുള്ള ദേഹണ്ഡക്കാർക്കുകൂടി ഭൂമി കൊടുക്കാൻ ഒരു പ്രയാസവുമില്ല. പക്ഷേ ഈ പ്രദേശങ്ങളിൽ അവിടത്തെ വില്ലേജ് അസിസ്റ്റൻറ് അല്ലാതെ മറ്റാരും പോയിട്ടില്ല. എം. എൽ. എ. മാർ പോവുകയില്ല. പഞ്ചായത്ത് പ്രസിഡൻറ് പോവുകയില്ല. രണ്ടു പ്രാവശ്യം വീട് തീവച്ചിട്ടും പഞ്ചായത്ത് മെമ്പർ ആ സ്ഥലത്ത് പോയിട്ടില്ല. കളക്ടർ ദേവികുളത്ത് വന്നിരുന്നുകൊണ്ട്, അല്ലെങ്കിൽ മൂന്നാറിൽ വന്നിരുന്നുകൊണ്ട് വയർലസ്സിൽകൂടി കാര്യങ്ങളൊക്കെ കാണും, എന്നിട്ട് റിപ്പോർട്ടയയ്ക്കും. ഇതിനിടയ്ക്ക് ഒരു റിപ്പോർട്ട് കൊടുക്കാനായി റവന്യൂ സെക്രട്ടറിയെ സ്പെഷ്യൽ കമ്മീഷനായിട്ട് അയച്ചു. അദ്ദേഹം ഒരു പാറയുടെ മുകളിൽ നിന്നുകൊണ്ട് ഒരു വീക്ഷണം നടത്തി റിപ്പോർട്ട് കൊടുത്തു. ഈ റിപ്പോർട്ടുകളെ ആധാരമാക്കിയാണ് ഗവൺമെൻറ് തീരുമാനമെടുക്കുന്നത്. സ്ഥലത്തുപോയി സ്ഥലം കാണുന്നത് വില്ലേജ് അസിസ്റ്റൻറ് മാത്രമാണ്, വില്ലേജ് അസിസ്റ്റൻറ് കൊടുക്കുന്ന റിപ്പോർട്ടിനെ മാത്രം ആധാരമാക്കിക്കൊണ്ടുള്ള നടപടിയാണ് ഇതുവരെ ഉണ്ടായത്. ദയവുചെയ്ത് ഇനിയത് ഉണ്ടാകരുത്. വളരെ പെട്ടെന്ന് സർവ്വേ നടത്തി ഭൂമിയില്ലാത്തവർക്ക് കൊടുക്കണം. ഗവൺമെൻറ് പറയുന്നത് തൊള്ളായിരം ഏക്കർ ഭൂമിയേയുള്ളു പതിച്ചുകൊടുക്കാൻ എന്നാണ്. എഴുപതിനായിരം ഏക്കർ ഭൂമി ഏറ്റെടുത്തതിനുശേഷം പതിച്ചുകൊടുക്കാവുന്നതായി തൊള്ളായിരം അല്ലെങ്കിൽ ആയിരം ഏക്കർ ഭൂമി മാത്രമേയുള്ളു എന്ന് ഗവൺമെൻറ് പറയുന്നത് കേട്ടാൽ വിശ്വസിക്കാൻ പ്രയാസമാണ്. ഞാൻ അവിടെ പോയി കണ്ടതാണ്. അവിടെ പ്ലോട്ട് തിരിച്ചാൽ ഈ ലിസ്റ്റിൽപ്പെട്ടിട്ടുള്ള എഴുന്നൂറ് പേർക്കും

LIBRARY ARCHIVES Kerala Legislative Assembly

അവിടെ വളരെക്കാലമായി കൃഷിചെയ്തു ജീവിച്ചുവരുന്ന രണ്ടോ, മൂന്നോ അല്ലെങ്കിൽ എത്ര കുടുംബങ്ങളുണ്ടോ അവർക്കും കൊടുക്കാൻവേണ്ട ഭൂമി അവിടെ ഉണ്ട്. അതുകൊണ്ട് വളരെവേഗം സർവ്വേ നടത്തി ഈ രണ്ടുകൂട്ടം ആളുകൾക്കും ഭൂമി പതിച്ചുകൊടുക്കുന്നതിനും വൻകിട കയ്യേറ്റക്കാരെ അവിടെനിന്നും പുറത്തിറക്കി അർഹരായ ആളുകൾക്ക് ഭൂമി പതിച്ചുകൊടുക്കാനുംവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ആർ. ശിവൻ: സർ, വേലിതന്നെ വിളവു തിന്നുന്നതിനേറെയും മാനുഷിക പരിഗണനകൾ നിഷേധിക്കപ്പെടുന്നതിനേറെയും കഥയാണ് മാങ്കുളം സംഭവം. കാട്ടുപോത്തിനോടും കാട്ടാനയോടും മറ്റു വിഷജന്തുക്കളോടും മല്ലടിച്ചുകൊണ്ട് ഈ മലയോര പ്രദേശങ്ങൾ വെട്ടിത്തെളിച്ച് കടന്നുപോയ പാവപ്പെട്ടവരുടെ സ്ഥാനത്ത് അവർ വെട്ടിത്തെളിച്ച വഴിയിൽക്കൂടി കടന്നുവന്ന പ്രമാണിമാരും അതുപോലെതന്നെ നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഈ സഭയിലെ ചില അംഗങ്ങളും അതുപോലെ ഇതിനേക്കാൾ ഉയർന്ന സഭയിലെ ചില അംഗങ്ങളും, നീതിന്യായ മേഖലയിൽ വ്യവഹരിക്കുന്ന വലിയ ഉദ്യോഗസ്ഥൻമാരുമെല്ലാം ചേർന്ന് കയ്യേറിയിട്ടുള്ള ആ ഭൂവിഭാഗം, അവിടെനിന്ന് വൻകിടക്കാരെ ഒഴിവാക്കിക്കൊണ്ട് പാവപ്പെട്ട കൃഷിക്കാർക്ക് പതിച്ചുകൊടുക്കണമെന്നുള്ള പ്രമേയത്തിന്റെ അന്തസ്സത്തയെ എതിർക്കാൻ ആർക്കും കഴിയുമെന്നു എനിക്ക് വിശ്വാസമില്ല. മറിച്ച് ഞങ്ങളുടെ നാട്ടിൽ ഒരു പൊല്ലുള്ളതുപോലെ സ്നേഹമുള്ള കൊച്ചാപ്പിച്ചേട്ടൻ വന്നു കൈയ്ക്കു പിടിച്ചാൽ എതിർക്കാൻ എങ്ങിനെ കഴിയുമെന്നു ചോദിച്ച ഒരു നാടൻപെൺകിടാവിന്റെ ഈ കുറ്റം മറച്ചുവയ്ക്കാനുള്ള ന്യായീകരണംപോലെ ഇത്തരം വൻകിടക്കാരുടെ മുമ്പിൽ തീർച്ചയായും മറ്റു എന്തു സമ്മർദ്ദമുണ്ടായാലും അതിനകത്ത് ബഹുമാനപ്പെട്ട റവന്യൂമന്ത്രി വഴങ്ങരുതെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. പലപ്പോഴും തന്റേടം കാണിച്ചിട്ടുള്ള അദ്ദേഹം ഈ കയ്യേറ്റക്കാരെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും ഒരേ രീതിയിലുള്ള പരിഗണന കൊടുക്കാതെ സൈക്കിളിന്റെ പിന്നിൽ ജനബാഹുല്യമുള്ള പട്ടണങ്ങളിൽ ഡബിൾ കേറുന്നതും കുറ്റകരമാണ്, ആളുകളെ കുത്തിക്കൊല്ലുന്നതും കുറ്റമാണ്, രണ്ടിനും തൂക്കുശിക്ഷ വിധിക്കാറില്ല എന്നുള്ളത് പരിഗണിച്ച് ഈ കയ്യേറ്റ കൃഷിക്കാരിൽ യഥാർത്ഥ അവകാശികൾക്ക് ഭൂമി പതിച്ചുകൊടുക്കുകയും വൻകിടക്കാരെ മുഖം നോക്കാതെ ഇറക്കിവിടാനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. സി. എ. കുര്യൻ: സർ, ഞാൻ താഴെ പറയുന്നഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) പ്രമേയത്തിൽ "ഭൂമി കയ്യേറി ഏലത്തോട്ടവും മറ്റും വച്ചുപിടിപ്പിച്ചിട്ടുള്ള" എന്ന ഭാഗം കഴിഞ്ഞ് "വൻകിടക്കാരെ" എന്നതിനുപകരം "വൻകിടക്കാരെയടക്കം" എന്നു ഭേദഗതി ചെയ്യുക.

(2) പ്രമേയത്തിൽ "പട്ടയം കൊടുക്കുവാനും" എന്നു കഴിഞ്ഞ് "ഇടുക്കി ജില്ലാ കളക്ടർ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത 787 ആളുകൾക്കും അവരാകട്ടെ ബഹുഭൂരിപക്ഷവും ഹരിജനങ്ങളും ഭാഷാ ന്യൂനപക്ഷക്കാരുമാണെന്നുള്ള വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് ഉടനടി ഭൂമി നൽകുവാനും" എന്നു കൂട്ടിച്ചേർക്കുക. പ്രമേയാവതരാകൻ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ കാണിച്ച വികാരത്തോട് എനിക്ക് പരിപൂർണ്ണമായ യോജിപ്പാണുള്ളത്. എന്നാൽ അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി അടക്കം ഈ നിയമസഭയിലെ പ്രതിപക്ഷത്തും ഭരണപക്ഷത്തും ഇരിക്കുന്ന ദേവികുളം താലൂക്കിലുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഒന്നിച്ചാവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയാണ്. മാങ്കുളം ഭൂമിയിൽ ഏലത്തോട്ട കയ്യേറ്റം നടത്തിയിട്ടുള്ള സകല ആളുകളെയും നിർദ്ദാക്ഷിണ്യം ഒഴിപ്പിക്കണമെന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളും ഒന്നിച്ചാവശ്യപ്പെട്ടിട്ടുള്ളതാണ്. ഈ പ്രമേയത്തിൽ ഏലത്തോട്ടം വച്ചുപിടിപ്പിച്ചിട്ടുള്ള വൻകിടക്കാരെ ഒഴിവാക്കണമെന്നാണ് പറയുന്നത്. എന്റെ ഭേദഗതി വൻകിടക്കാരെ അടക്കം എല്ലാവരേയും ഒഴിപ്പിക്കണമെന്നാണ്. ഇവിടെ നമ്മുടെ റവന്യൂമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ അത് സർക്കാരിന്റെ ഭൂമിയാണ്, അതിന് കണക്കില്ല. വൻകിടക്കാരെ മാത്രം ഒഴിപ്പിക്കാൻ ഈ പ്രമേയം പാസ്സാക്കി തീരുമാനിച്ചാൽ ചെറുകിടക്കാരുടെ മറവിൽ വൻകിടക്കാർ ആ ഭൂമി കൈവശപ്പെടുത്തും. അതുകൊണ്ട് ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം സഖാവ് കുഞ്ഞിക്കണ്ണൻ ഒരു കാര്യം ഓർത്തിരിക്കണം. തീർച്ചയായും വൻകിടക്കാരുടെ താൽപര്യങ്ങൾ ഈ പ്രമേയം ഈ രീതിയിൽ പാസ്സായാൽ പരിരക്ഷിക്കപ്പെടുമെന്നുള്ളത് മനസ്സിലാക്കണം. അവിടെ പതിനായിരക്കണക്കിന് ഏക്കർ ഏലത്തോട്ടം കയ്യേറ്റം നടത്തിയിട്ടുള്ള ആളുകളുണ്ട്. അവർ നിയമസഭാ സാമാജികൻമാരായാലും ശരി, ഭരണകക്ഷിയിലുള്ളവരാണെങ്കിലും ശരി, പ്രതിപക്ഷത്തുള്ളവരാണെങ്കിലും ശരി, വലിയ ഉദ്യോഗസ്ഥൻമാരാണെങ്കിലും ശരി, റവന്യൂ ഉദ്യോഗസ്ഥൻമാരാണെങ്കിലും ശരി അവരെ നിർദ്ദാക്ഷിണ്യം കുടിയൊഴിപ്പിക്കണം. അതിനോട് ഞാനും എന്റെ പാർട്ടിയും പരിപൂർണ്ണമായി യോജിക്കുന്നു. അവരെ പരിപൂർണ്ണമായി ഒഴിപ്പിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിന്റെ വിവിധഭാഗങ്ങളിൽ പ്രക്ഷോഭണം നടത്തി, കർഷകത്തൊഴിലാളി ഫെഡറേഷൻ ഒരുദിനംതന്നെ ആചരിച്ചു. മാങ്കുളത്തെ ഭൂമി കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സി.പി.എം. പാർട്ടി ഇടുക്കിജില്ലയിൽ ജാഥ നടത്തി. ഞങ്ങളുടെ പാർട്ടി പ്രചരണജാഥ നടത്തി, കോൺഗ്രസ് നടത്തി. അങ്ങിനെ വിവിധ രാഷ്ട്രീയ പാർട്ടികളും ഒന്നിച്ച് മാങ്കുളത്ത് ഭൂമി കയ്യേറിയിട്ടുള്ള എല്ലാവരേയും ഇറക്കിവിടണമെന്ന് ആവശ്യപ്പെട്ടു. അതുകൊണ്ട് ഇറക്കിവിടുകതന്നെ വേണം. മറ്റൊരു കാര്യം പറയാനുള്ളത്, അവിടെ ഏലത്തോട്ടത്തിനുപറ്റിയതല്ലാത്ത സാധാരണ കൃഷിക്കുള്ള ഭൂമിയുണ്ട്. ചില മെമ്പർമാർ അതിനെക്കുറിച്ച് പറഞ്ഞു. അവർ അവിടെ പോയി കണ്ടിട്ടില്ലെന്നാണ് തോന്നുന്നത്. അഥവാ കണ്ടിട്ടുണ്ടെങ്കിൽ കുരുടൻ ആനയെ കണ്ടതുപോലെയാണ്. ശ്രീ. കുഞ്ഞിക്കണ്ണൻ പറഞ്ഞതു ശരിയാണ്. കണ്ണൻദേവൻ കമ്പനിയിൽ നിന്നു ഏറ്റെടുത്ത 72,000 ഏക്കർ ഭൂമിയുണ്ട്. അതിനകത്ത് പതിനായിരത്തോളം ഏക്കർ ഭൂമി ഏലക്കൃഷിക്ക് പറ്റിയതാണ്. പിന്നെ അതിൽ 4,000 ഏക്കർ മാത്രമാണ് വിതരണത്തിനുള്ളത്. ബാക്കി വന്യമൃഗങ്ങൾക്കു വേണ്ടി താമസിക്കുന്നതിന് മാറ്റിവച്ചിരിക്കുന്നു. മലയും മേടുമാണ്, അത് കൃഷിക്കു പറ്റുകയില്ല. ഇവിടെ പറഞ്ഞു, 72,000 ഏക്കർ ഭൂമിയിൽ ബഹുഭൂരിപക്ഷവും വിതരണത്തിന് കൊടുക്കാൻ സാധിക്കുമെന്ന്. അതുപോയി കണ്ടിട്ടില്ല അങ്ങിനെ പറയുന്നതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. ബി. ആർ. പിള്ള: ഈ ഭൂമിയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റുതന്നെ ആധികാരികമായി 25,000 ഏക്കർ മിച്ചഭൂമിയുണ്ടെന്നും അതിൽ കുറെ ഭൂമി കണ്ണൻദേവൻ കമ്പനിക്ക് തിരിയെ വിറകാവശ്യത്തിനു വേണ്ടി വിട്ടുകൊടുക്കേണ്ടിവരുമെന്നും പറഞ്ഞ വസ്തുത ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: അതു രണ്ടും രണ്ടു കാര്യങ്ങളാണ്. ഇത് പ്രത്യേക നിയമമനുസരിച്ച് ഏറ്റെടുത്ത ഭൂമിയെക്കുറിച്ചാണ് പറയുന്നത്. മറ്റത് വേറൊരു കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പർ അതു പരിശോധിച്ചാൽ മനസ്സിലാകും. ഏതായാലും നാലായിരം ഏക്കർ ഭൂമിയുണ്ട്. ഈ നാലായിരം ഏക്കർ ഭൂമിയിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ 1970-ൽ ഒഴിപ്പിച്ച അവസരത്തിൽ അതിനുമുമ്പുതന്നെ കണ്ണൻദേവൻ കമ്പനിയിൽ അവരുടെ അനുവാദത്തോടുകൂടി കയറിയ 100 കണക്കിന് ആളുണ്ടായിരുന്നോ? ഈ വിവരം ശരിയല്ല. എന്നാൽ 1975-ൽ ഒഴിപ്പിച്ച അവസരത്തിൽ അവിടെ ചില കൃഷിക്കാർ ഉണ്ടായിരുന്നത് സത്യമാണ്. 50-ൽപരം പേർവരുന്ന പാവപ്പെട്ട കൃഷിക്കാരുണ്ട്, അവരുടെ ദേഹണ്ഡങ്ങളുമുണ്ട്. ഇവിടെ 787 പേരെ തിരഞ്ഞെടുത്ത കാര്യം പറഞ്ഞു. പാവപ്പെട്ട 787 പേരിൽ ബഹുഭൂരിപക്ഷവും ഹരിജനങ്ങളാണ്. 787 പേരിൽ ഏതാണ്ട് 260 ഓളം ഭാഷാ ന്യൂനപക്ഷ സമുദായത്തിൽപെട്ടവരാണ്. ഇന്ന് ആ പ്രദേശങ്ങളിൽ പ്രചരണം നടത്തുന്നത് എന്താണു സർ. തമിഴ് ഭാഷ സംസാരിക്കുന്ന തമിഴർക്ക് ഭൂമി കൊടുക്കുകയില്ല എന്നു പറഞ്ഞ് ചില രിഷ്ട്രീയ പാർട്ടികൾ പ്രചരണം നടത്തുന്നു. ആ പ്രദേശത്തെ തമിഴ് ന്യൂനപക്ഷങ്ങളുടെ താൽപര്യത്തിനുവേണ്ടി നിൽക്കുന്ന ഒരു നിയമസഭാ സാമാജികനെന്ന നിലയിൽ ഞാൻ പറയുന്നു തമിഴ്ഭാഷ സംസാരിക്കുന്ന ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി, തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഭൂമി കൊടുക്കണം സർ. അങ്ങനെയൊരു തീരുമാനം ഉണ്ടാവുന്നില്ലെങ്കിൽ ആ പ്രദേശത്ത് കൊടുങ്കാറ്റുവരും. തീർച്ചയായും തമിഴ് വിഭാഗങ്ങളുടെ താൽപര്യം, ഈ രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ താൽപര്യം പരിരക്ഷിക്കണം. മതന്യൂനപക്ഷങ്ങളുടെ താൽപര്യം പരിരക്ഷിക്കുന്ന ഈ ഗവൺമെൻറ് ഭാഷാന്യൂനപക്ഷങ്ങളുടെ താപൽര്യം സംരക്ഷിക്കുന്നതിനുവേണ്ടി ശ്രമിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുകൊണ്ട് ഈ പ്രമേയത്തിൽകൂടി തിരഞ്ഞെടുക്കപ്പെട്ട ആളുകൾക്ക് ഭൂമി നിഷേധിക്കുന്നതിനോ വൻകിടക്കാരുടെ താൽപര്യം സംരക്ഷിക്കുന്നതിനോ പ്രമേയാവതാരകൻ ഉദ്ദേശിച്ചിട്ടില്ലെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അതുകൊണ്ട് ഏലത്തോട്ട കൃഷിക്കാർക്ക് പാട്ടിയ ഭൂമിയിൽ കയ്യേറിയിട്ടുള്ള ആളുകളെ ഇറക്കുന്ന കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്ന അവസരത്തിൽ പറയണം. പോലീസുകാർ ചെന്നുകഴിഞ്ഞാൽ ഉടൻ ഇറങ്ങിക്കൊടുക്കുന്നവരാണ് അവർ. അതുകൊണ്ട് പെട്ടെന്ന് നിശ്ചിത ദിവസത്തിനുള്ളിൽ ആ പ്രദേശത്തുള്ള കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

അതുപോലെതന്നെ മറ്റുള്ള ഭൂമി അടിയന്തിരമായി പാവപ്പെട്ട ഹരിജനങ്ങൾക്കുവേണ്ടി, കർഷകത്തൊഴിലാളികൾക്കുവേണ്ടി, ഏലത്തോട്ട തൊഴിലാളികൾക്കുവേണ്ടി, പ്ലാന്റേഷൻ തൊഴിലാളികൾക്കുവേണ്ടി ആ പ്രദേശത്ത് അനേകം വർഷങ്ങളായി കാത്തുകൊണ്ടിരിക്കുന്ന അവർക്ക് ഒരുസെൻറു ഭൂമി കൊടുക്കാൻ ബഹുമാനപ്പെട്ട ഗവൺമെൻറ് കൃപ കാണിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: പ്രമേയത്തിൽ മൂന്നാമത്തെ വരിയിൽ "ഒഴിപ്പിക്കാനും" എന്നതിനുശേഷം "അതോടൊപ്പം" എന്നുകൂടി ചേർക്കുക എന്ന ഭേഗതി ഞാൻ അവതരിപ്പിക്കുന്നു. സർ, ഈ പ്രമേയത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോടും

ഞാൻ യോജിക്കുകയാണ്. എനിക്ക് ഒരു കാര്യം പറയാനുള്ളത് ഈ ഗവൺമെൻറ് ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കാമെന്നുള്ള മുദ്രാവാക്യം പാലിച്ചുകൊണ്ടിരിക്കുകയാണ്. മാങ്കുളം പ്രദേശത്തെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ ഒരു തീരുമാനം ഈ ഗവൺമെൻറിനുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. എൻറെ അറിവു ശരിയാണെങ്കിൽ ഈ മാങ്കുളം പ്രദേശത്ത് അനധികൃതമായി അനാവശ്യമായി കയ്യേറിയിട്ടുള്ള വൻകിടക്കാരെ താമസംവിനാ ഒഴിപ്പിക്കുന്നതിനും അർഹതയുള്ള ഭൂമിയില്ലാത്ത പാവപ്പെട്ട ആളുകളെ അവിടെ പുനരധിവസിപ്പിക്കുന്നതിനുമുള്ള സത്വരനടപടി ഗവൺമെൻറ് എടുത്തുകഴിഞ്ഞു, അല്ലെങ്കിൽ എടുക്കുന്നു എന്നാണ് എൻറെ അറിവ്. അത് നടപ്പിലാക്കാൻ എന്താണ് അമാന്തം കാണിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി അദ്ദേഹത്തിൻറെ മറുപടിയിൽ അതു വ്യക്തമാക്കിയാൽ കൊള്ളാം എന്നാണ് എൻറെ അഭിപ്രായം. പക്ഷേ മാങ്കുളം പ്രദേശം കണ്ട കൂട്ടത്തിൽ ഒരാളെന്ന നിലയിൽ ചില അനുഭവകഥകൾ എനിക്കും പറയാനുണ്ട്. ഞാൻ കണ്ടിട്ടുള്ള പ്രദേശങ്ങളിൽ വളരെ വിരളമായിട്ടുള്ള ഒരു പ്രദേശമാണ് ഇത്.

ഒരു കാര്യം ഈ അവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. എൻറെ സ്നേഹിതൻ ശ്രീമാൻ ഓ. ലൂക്കോസ് വളരെ വികാരഭരിതനായി നെഞ്ചത്തു കൈവച്ചുകൊണ്ട് മനഃസാക്ഷിയുണ്ടെങ്കിൽതന്നെയും മനഃസാക്ഷിയില്ലാതെ സംസാരിക്കുന്നതുകേട്ടു. അഴിമതി ആരോപണങ്ങളെക്കുറിച്ചു സംസാരിച്ചപ്പോൾ അദ്ദേഹം വികാരഭരിതനായി. അദ്ദേഹം പറഞ്ഞ അഭിപ്രായത്തോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. ഈ നിയമസഭയുടെ അപ്പുറമെന്നോ ഇപ്പുറമെന്നോ ഉള്ള ഭേദം കൂടാതെ ഏതെങ്കിലും ഒരു നിയമസഭാ സാമാജികൻറെ ബന്ധുക്കളോ ബന്ധത്തിൽപ്പെട്ടവരോ ആയ ആളുകൾ മാങ്കുളം പ്രദേശം കൈയടക്കുന്ന കാര്യത്തിൽ മുൻകൈ എടുത്തിട്ടുണ്ട്; അവരെ ഒഴിപ്പിക്കുന്ന കാര്യത്തിൽ മുഖം നോക്കാതെ നടപടി എടുക്കാൻ ഈ ഗവൺമെൻറ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല അദ്ദേഹം പറഞ്ഞകൂട്ടത്തിൽ ആവശ്യമില്ലാത്തതാണെങ്കിലും ഒരു കാര്യം സൂചിപ്പിച്ചു. കേട്ടുകൊണ്ടിരുന്നപ്പോൾ ഞാൻ ഒരു കാര്യം ഓർത്തുപോയി. പണ്ട് കേരള കോൺഗ്രസ് ഒരു കക്ഷിയായിരിക്കുമ്പോൾ ശ്രീ. ടി. എം. ജേക്കബ് അഴിമതി വിരുദ്ധ ജാഥ നടത്തിയത് അദ്ദേഹം വളരെ വികാരത്തോടുകൂടി അനുസ്മരിപ്പിച്ചു. പക്ഷേ അന്ന് ശ്രീ. ടി. എം. ജേക്കബ് അഴിമതി വിരുദ്ധ ജാഥ നടത്തിയപ്പോൾ ജീപ്പു സംഘടിപ്പിച്ചുകൊടുത്ത പാർട്ടിയുടെ ജനറൽ സെക്രട്ടറിയാണ് ഓ. ലൂക്കോസ് എന്നുള്ള കാര്യം വിസ്മരിച്ചുപോയതിൽ അത്ഭുതപ്പെടുകയാണ് സർ. ഓർത്ത കാര്യം പറഞ്ഞുപോയി എന്നേയുള്ളു. കാരണം പഴയ സംഭവം പെട്ടെന്നു മറന്നല്ലോ എന്നുള്ളതാണ്. അന്നത്തെ ജനറൽ സെക്രട്ടറി ഇന്നത്തെ ജനറൽ സെക്രട്ടറിയാണ്. അദ്ദേഹത്തിന് കുറ്റം കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. മാങ്കുളം പ്രദേശത്തെ സംബന്ധിച്ച് അർഹതയുള്ള കുടികിടപ്പുകാർക്ക് കൊടുക്കണമെന്നു പറയുന്ന അവസരത്തിൽ അദ്ദേഹം വളരെയധികം വികാരഭരിതനായി സൂചിപ്പിച്ചതുകൊണ്ട് അന്ന് അപ്പുറത്തു മാറിയിരുന്ന ഞാൻ അതു വളരെയധികം മനസ്സിലാക്കിയതുകൊണ്ടു ഓർമ്മിപ്പിച്ചതാണ്. അന്നു മി. ഓ. ലൂക്കോസിനു ഇതു ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞില്ല. ഈ ജീപ്പു ജാഥ സംഘടിപ്പിച്ച ഉടൻതന്നെ അദ്ദേഹത്തിന് അതിൽ വലിയ പ്രയാസം കണ്ടുമില്ല. ഇന്ന് അദ്ദേഹം ഇത് എന്തിനാണ് പറയുന്നതെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഞാൻ ആ ഭാഗത്തേക്ക് വിശദമായി കടക്കുന്നില്ല. വളരെ സാവകാശമായി നമുക്ക് പ്രശ്നം കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാം. വൻകിടക്കാരെ ഉടനടി ഒഴിപ്പിക്കാനും അർഹതയുള്ള ഭൂമിയില്ലാത്ത പാവപ്പെട്ടവനെ അവിടെ അധിവസിപ്പിക്കാനുമുള്ള നടപടികളും സത്വരമായി എടുക്കുന്നതിന് ഗവൺമെൻറ് മുൻകൈ എടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: മാങ്കുളം വനഭൂമി ഭൂമിയില്ലാത്ത ആളുകൾക്കു കൊടുക്കണമെന്നുള്ള ഈ പ്രമേയം ഏകകണ്ഠമായി പാസ്സാക്കാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നത്. അതിനിടയിൽ ഈ സഭയിലെ എം. എൽ. എ. മാരും സഭയ്ക്ക് പുറത്തുള്ള എം. പി. മാരും അവരുടെ കൈവശം ഭൂമി വച്ചിട്ടുണ്ടെങ്കിൽ വിട്ടുകൊടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്. കേരള കോൺഗ്രസ്സിലെ രണ്ടുവിഭാഗത്തിൽ ഉള്ളവരും കൈയേറിയിട്ടുണ്ടെങ്കിൽ വിട്ടുകൊടുക്കണം. ലൂക്കോസിന്റെ പാർട്ടിക്കാരിൽ രണ്ടുപേരുടെ പേരാണ് ഇപ്പോഴും പറഞ്ഞുകേട്ടത്. ഒന്ന് നിങ്ങളുടെ ചെയർമാന്റെ പേരാണ് പറഞ്ഞത്. ഒന്ന് പാർലമെന്റ് മെമ്പറുടെ പേരാണ് പറഞ്ഞത്. രണ്ടാൾക്കും ഭൂമിയുണ്ടെങ്കിൽ വളരെ സൻമനസ്സോടുകൂടി അതു വിട്ടുകൊടുക്കണം. പിന്നെ അപ്പുറത്തിരിക്കുന്ന വേറെ ആളുകളുടെയും പേര് കേൾക്കുന്നുണ്ട്. കുര്യനുണ്ടെങ്കിൽ കുര്യൻ, കിട്ടപ്പനാരായണസ്വാമിയ്ക്കുണ്ടെങ്കിൽ കിട്ടപ്പനാരായണസ്വാമി ആർക്കുണ്ടെങ്കിലും അവർ അതങ്ങോട്ടു കൊടുത്തുകളയണമെന്നാണ് വിനയത്തോടുകൂടി എനിക്കു പറയാനുള്ളത്.

ശ്രീ. സി. എ. കുര്യൻ: അവസാന നിമിഷത്തിൽ ആവശ്യമില്ലാത്ത ഈ ആരോപണങ്ങൾ (ബഹളം) മാങ്കുളം പ്രദേശത്തു ഭൂമിയുണ്ടെന്നു പറഞ്ഞാൽ വായിൽ പല്ലു കാണുകയില്ല.

ശ്രീ. എം. വി. രാഘവൻ: ഞാൻ യാതൊരു ആരോപണവും ഉന്നയിച്ചില്ല. സഖാവ് കുര്യന്റെ അടുത്ത് ഭൂമിയുണ്ടെങ്കിൽ, നറുക്കെടുപ്പിൽ കിട്ടിയിട്ടുണ്ടെങ്കിൽ അതല്ല വേറെ പേരിൽ വച്ചിട്ടുണ്ടെങ്കിൽ അതങ്ങോട്ടു വിട്ടുകൊടുക്കണം. അതുപോലെ കിട്ടപ്പനാരായണസ്വാമിയുടെ കയ്യിൽ ഏലം എസ്റ്റേറ്റുണ്ടെങ്കിൽ അതും അങ്ങോട്ടു കൊടുത്തേക്കണം. അതുപോലെതന്നെ കേരള കോൺഗ്രസിന്റെ ചെയർമാന്റെ കയ്യിൽ ഉണ്ടെങ്കിൽ അതും അങ്ങു കൊടുത്തേക്കുക. ഈ കട്ടുതിന്നുന്ന ഏർപ്പാട് ആരായാലും വിട്ടുകളയണം. അതാണ് എനിക്കു പറയാനുള്ളത്. അത് ചെയ്യണം.

ശ്രീ. ഓ. ലൂക്കോസ്: ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകളുണ്ടെങ്കിൽ സ്വമനസ്സാലെ വിട്ടുകൊടുക്കുകയില്ല. അതുകൊണ്ട് ഗവൺമെൻറ് ബലമായിത്തന്നെ ഒഴിപ്പിക്കണം.

ശ്രീ. എം. വി. രാഘവൻ: ബലമായിത്തന്നെ ഒഴിപ്പിക്കണം. അതാണ് ഞങ്ങളും അവരും പിന്തുണ നൽകുന്നത്. ഇനി റവന്യൂ മിനിസ്റ്റർക്ക് എന്താണ് അഭിപ്രായമുള്ളത്. പിടിച്ചിറക്കണം. എം. എൽ. എ മാരായാലും വേണ്ടില്ല, ആരായാലും വേണ്ടില്ല പിടിച്ചിറക്കണം. പിടിച്ചിറക്കിയിട്ട് അത് പാവപ്പെട്ട ആളുകൾക്ക് കൊടുക്കണം. അതല്ലാതെ ഈ രാജ്യത്തെ രാഷ്ട്രീയക്കാർക്ക് കച്ചവടം ചെയ്യാനുള്ള വേദിയായിട്ട് ഈ രാജ്യത്തെ കൃഷിക്കാരന് കിട്ടേണ്ട ഭൂമി മാറ്റിക്കൂടാ. അതിനുവേണ്ടിയുള്ള ധീരമായ നടപടി ഈ ഗവൺമെൻറ് എടുക്കണം. അതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കണമെന്നാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കല്ലട നാരായണൻ: സർ, പ്രമേയത്തിൽ ''ഈ സഭ'' എന്നതിനു ശേഷം ''ഐകകണ്ഠ്യേന'' എന്നു ചേർക്കുക എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ പ്രമേയത്തിന്റെ സ്പിരിറ്റിനോട് ഞാൻ
11 a.m. യോജിക്കുകയാണ്. പക്ഷേ എനിക്ക് പ്രത്യേകമായി ചില കാര്യങ്ങൾ സൂചിപ്പിക്കുവാനുണ്ട്. ഭൂമികൈയേറ്റം ഇന്നോ ഇന്നലയോ തുടങ്ങിയിട്ടുള്ളതല്ല. ചിലർക്ക് അതൊരു കലയാണ്, ചിലർക്ക് ഒരു കൃഷിയാണ്, ചിലർക്ക് ഒരു വ്യവസായമാണ്. അതിനെസംബന്ധിച്ചിടത്തോളം വളരെ വിശദമായി കേരളകൗമുദി പത്രാധിപർ എം. എസ്. മണി 'കാട്ടുകള്ളൻമാർ' എന്ന പേരിൽ ഒരു പുസ്തകം എഴുതിയത് നമുക്കറിയാം. ഞാൻ അതിലേക്ക് വിശദമായി കടക്കുന്നില്ല. ഈ രാജ്യത്ത് ലക്ഷക്കണക്കിനാളുകൾ ഭൂമിയില്ലാതെ വലയുകയാണ്. പാവപ്പെട്ട ഹരിജനങ്ങൾ, അവശകൃസ്ത്യാനികൾ, ഇടത്തരക്കാർ എല്ലാംതന്നെ ഭൂമിക്കുവേണ്ടി ദാഹിക്കുമ്പോൾ ഒരുപിടി കഴിവുള്ളവർ, കൈയൂക്കുള്ളവർ ഭൂമി അനധികൃതമായി കൈയേറുന്നത് ശരിയല്ലെന്നുള്ളതുകൊണ്ട് മുഖംനോക്കാതെ എം. എൽ. എ. ആയാലും, എം. എൽ. എ. യുടെ മകനായാലും മറ്റാരായാലും ശരി ഏതു രാഷ്ട്രീയക്കാരനായാലും ശരി വസ്തുനിഷ്ഠമായി കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് മുഴുവൻ ആളുകളെയും ഇറക്കിവിടാനുള്ള നടപടി സ്വീകരിക്കണം. അതിനാവശ്യമായ നടപടി ഗവൺമെൻറ് സ്വീകരിച്ചുവരുന്നതായി ഞാൻ മനസ്സിലാക്കുന്നു. എല്ലാവരെയും ഇറക്കിയശേഷം പാവപ്പെട്ട ആളുകൾക്ക് ഈ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള ധീരമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയോടും ഗവൺമെൻറിനോടും അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഞാൻ ആരെയും ചെളിവാരിയെറിയാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ ഈ ഭൂമിയും ഞാനുമായി കുറെ ബന്ധമുണ്ട്. പേടിക്കണ്ട ഞാൻ കൈവശപ്പെടുത്തി സ്വന്തമാക്കിയതല്ല. ആ ഭൂമിയിൽ ആദ്യമായി കൈയേറിയത് ഞാനാണ്. കണ്ണൻദേവൻ എന്ന വിദേശക്കമ്പനി അനർഹമായി കുറെ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നു എന്നും ഈ രാജ്യത്ത് പാവപ്പെട്ട ആളുകൾ കിടപ്പാടംപോലുമില്ലാതെ കഷ്ടപ്പെടുന്നത് സർക്കാർ നോക്കിക്കൊണ്ട് അവർ ഈ ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നത് ശരിയല്ലെന്നും ഗവൺമെൻറിനെ ബോദ്ധ്യപ്പെടുത്താനും ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്താനുമാണ് ഞാൻ ആ ഭൂമിയിൽ ആദ്യമായി കൈയേറിയത്. സ്വന്തമായി ഭൂമി സമ്പാദിക്കുവാൻവേണ്ടിയല്ല, അങ്ങനെ ശ്രീ. ഒ. ലൂക്കോസോ മറ്റാരെങ്കിലുമോ വിചാരിക്കുകയും വേണ്ട. ഞങ്ങൾ സമരംചെയ്തു. ആ ഭൂമി ഗവൺമെൻറ് ഏറ്റെടുക്കുവാൻ നിയമംവന്നു. ആ ഏറ്റെടുത്ത ഭൂമി വിതരണംചെയ്യാൻ പോകുന്നു എന്നും ആയിരക്കണക്കിനാളുകളിൽനിന്നും അപേക്ഷ സ്വീകരിക്കുവാൻ പോകുന്നു എന്നും നോട്ടിഫിക്കേഷനുണ്ടായി. അപേക്ഷകൾ വിളിച്ചിട്ട് കൊല്ലം എത്രയായി? ആ ഭൂമി ആർക്ക് വിതരണംചെയ്തു? ആർക്കും കൊടുത്തിട്ടില്ല. ഗവൺമെൻറ് വളരെ ബോധപൂർവ്വം ഈ ഭൂമി ഭൂസ്വാമികളായ ആളുകൾക്ക് കൈവശപ്പെടുത്താനുള്ള സന്ദർഭം ഉണ്ടാക്കിക്കൊടുക്കുകയാണ് ചെയ്തത്. ഈ ഭൂമി അവിടെ നേരത്തെ കൈയേറി താമസിച്ചിരുന്ന ഭൂമിയില്ലാത്ത പാവപ്പെട്ടവർക്കു വിതരണംചെയ്തുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിരവധി അനുരഞ്ജന സമ്മേളനങ്ങൾ ഞങ്ങളും ഗവൺമെൻറുമായി നടത്തി; തീരുമാനങ്ങളുമെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂമന്ത്രിക്കറിയാം. ഞാനും എന്റെ പാർട്ടിയുടെ അന്നത്തെ നേതാക്കൻമാരും റവന്യൂ മന്ത്രിയുടെ ഓഫീസിൽ വന്നു എഗ്രിമെൻറുണ്ടാക്കിയിട്ടുള്ള കാര്യം. ആ ഭൂമി മുൻകാലങ്ങളിൽ കൈവശപ്പെടുത്തിയ ഭൂമിയില്ലാത്ത ആളുകൾക്കു വിതരണംചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

മുൻഗണന നൽകുമെന്ന തീരുമാനമെടുത്തിട്ടുണ്ട്. വ്യവസ്ഥപ്രകാരം സർക്കാർ അത് ചെയ്തിട്ടില്ല. ഈ ഭൂമി കൈവശപ്പെടുത്തുന്നതു ഒരു വ്യവസായമാണ്. ഭൂമി കൈവശപ്പെടുത്തുക കുറെ കഴിഞ്ഞത് അത് മറ്റാളുകൾക്ക് വിറ്റ് കാശാക്കുക, പിന്നെ വേറെ മേഖലയിലേക്ക് കയറുക, വിറ്റു കാശാക്കുക ഇങ്ങനെ ഒരു സ്ഥിരം വ്യവസായം കണ്ണൻദേവൻ ഭൂമിയിൽ നടന്നിട്ടു കൊല്ലങ്ങളായി. ഈ കണ്ണൻദേവൻ കമ്പനി ഭൂമിയിൽ നടന്ന നഗ്നമായ കൈയേറ്റത്തിന് പോലീസുദ്യോഗസ്ഥൻമാരും റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരും വനംവകുപ്പുദ്ധികാരികളും കൂട്ടുനിന്നിട്ടുണ്ടെന്നും രാഷ്ട്രീയനേതാക്കൻമാരും മറ്റുത്തരവാദപ്പെട്ട ആളുകളും പിന്നിലുണ്ടെന്നും അവർതന്നെ കൈവശപ്പെടുത്തിയിട്ടുണ്ടെന്നും ആരോപണംഉന്നയിച്ചിട്ടുള്ളത് ഞങ്ങളാരുമല്ല. ഭരണകക്ഷിയിലെതന്നെ ഒരു പ്രധാനപ്പെട്ട നേതാവും, യൂത്തുകോൺഗ്രസ് നേതാവുമായ തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഇക്കാര്യം ആദ്യമായി വെളിച്ചത്തു കൊണ്ടുവന്നിട്ടുള്ളത്. എന്നിട്ട് ഈ ഗവൺമെൻറ് എന്തുചെയ്തു? ഗവൺമെൻറ് അന്വേഷിക്കുവാൻ തയ്യാറായോ? ഈ കൈയേറ്റത്തിന് കൂട്ടുനിൽക്കാൻ ഗവൺമെൻറ് പോലീസിന് പച്ചക്കൊടി കാട്ടിയില്ലേ? എന്നിട്ട് ഇന്ന് എന്തുചെയ്യാനാണ് ഗവൺമെൻറു ദ്ദേശിക്കുന്നത്? ഒരു സെൻറ് ഭൂമിപോലും ഭൂമിയില്ലാത്ത കൃഷിക്കാരനു കൊടുക്കുമെന്നു പ്രതീക്ഷിക്കേണ്ട കാര്യമില്ല. ഈ ഗവൺമെൻറിൽനിന്നും അത്രകണ്ടു പുരോഗമനപരമായ നടപടികളുണ്ടാകുമെന്നു വിചാരിച്ചാൽ നടക്കുകയില്ല. പിന്നെ ഇവിടെ നിയമം കൊണ്ടുവന്നില്ലേ എന്നു ചോദിച്ചാൽ അതിന്റെ പിന്നിലും കുറെ താൽപ്പര്യങ്ങളുണ്ട്. അതയ്ക്കൊന്നും പുരോഗമനം ഈ ഗവൺമെൻറ് അവകാശപ്പെടേണ്ട കാര്യമില്ല. എന്തായാലും ഈ ഭൂമിയെ സംബന്ധിച്ചിടത്തോളം വളരെ ശക്തമായ പ്രക്ഷോഭണം ഈ രാജ്യത്ത് കക്ഷിരാഷ്ട്രീയത്തിനതീതമായി ഉണ്ടായി. ഈ രാജ്യത്ത് ഒരു സെൻറ് ഭൂമിയെങ്കിലും ഇല്ലാത്ത ആളുകളുണ്ട്. റോഡുപുറംപോക്കുകളിലും റെയിൽവേ പുറമ്പോക്കുകളിലും ഒരു സെൻറു സ്ഥലത്തു എത്ര കുടിലുകളാണ് കെട്ടിത്താമസിക്കുന്നതെന്ന് നാം നോക്കണം. ഈ രാജ്യത്തു ആയിരക്കണക്കിനാളുകളും തലചായ്ക്കാൻ ഇടമില്ലാതെ കഷ്ടപ്പെടുമ്പോഴും ആയിരക്കണക്കിനേക്കറിന്റെ ഉടമകളായ ആളുകളും അനർഹമായി ഭൂമി കൈയേറി കൈവശംവച്ചുകൊണ്ടിരിക്കുന്നതിനെ കണ്ണുമടച്ച് നോക്കിനിൽക്കുന്നു എന്നുപറഞ്ഞാൽ അത് ഒരു ഗവൺമെൻറിനു ചെയ്യാവുന്നതാണോ? അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നിലപാടു സ്വീകരിക്കണം. ഇക്കാര്യത്തിനുവേണ്ടി ഗവൺമെൻറ് പോകുന്നെങ്കിൽ പോകട്ടെ എന്നു വിചാരിക്കണം. ഇപ്പോഴും പിരിച്ചുവിടാനുള്ള ആലോചന നടക്കുന്നില്ലേ? പാവപ്പെട്ടവനു ഭൂമിനൽകിയ കാര്യത്തിനുവേണ്ടി ഗവൺമെൻറ് പോകുകയാണെങ്കിൽ പുരോഗമനപരമായ ഒരു കാര്യത്തിനുവേണ്ടിയാണെന്നു അഭിമാനിക്കാമല്ലോ? നാട്ടുകാരോടു പറയുകയും ചെയ്യാം. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ഉറച്ച നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്, ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വി. രാജഗോപാലൻ: സർ, മാങ്കുളം ഭൂമിയെസംബന്ധിച്ച് ഇവിടത്തെ ചർച്ച കേട്ടപ്പോഴും ആരും കൈവശപ്പെടുത്തിയിട്ടില്ലെന്നാണ് തോന്നുന്നത്. സർക്കാർ ആരെയും ഒഴിപ്പിക്കുന്നില്ല. പിന്നെ സഭയിൽ ഹാജരാകാത്ത ഉദ്യോഗസ്ഥൻമാർ കൈവശം വച്ചിട്ടുണ്ടോ എന്നറിയുകയില്ല. രാഷ്ട്രീയക്കാർ ആരും കൈവശംവച്ചിട്ടില്ലെന്നു പറഞ്ഞുകേട്ടു. പിന്നെ കേട്ടത് ഉദ്യോഗസ്ഥൻമാരുടെ പേരു മാത്രമാണ്. ആ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ ശിക്ഷാനടപടികളും സ്വീകരിച്ചുകൊണ്ട് ഭൂമിയില്ലാത്ത പാവപ്പെട്ട കർഷകർക്കു ആവശ്യമായ ഭൂമി വിതരണംചെയ്യാൻ ആവ

LIBRARY ARCHIVES Kerala Legislative Assembly

ശ്യമായ നടപടി സ്വീകരിക്കാത്ത സർക്കാരാണ് കുറ്റക്കാരായിട്ടുള്ളതെന്നാണ് ചർച്ച കേട്ടപ്പോഴും തോന്നിയത്. ഏതായാലും ഈ നടപടി തുടരാൻ പാടില്ല. സത്വരമായ നടപടി എടുത്തിട്ട് ഭൂമിയില്ലാത്ത കർഷകർക്ക് ഈ ഭൂമി വിതരണംചെയ്യാനുള്ള നടപടി എടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. പ്രമേയത്തിൽ 6-ാം വരിയിൽ 'വേണ്ടനടപടി' എന്നതിനുപകരം 'വേണ്ട അടിയന്തിരനടപടി' എന്നു ഭേദഗതിപ്പെടുത്തണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. കെ. പി. നൂറുദ്ദീൻ: പ്രമേയത്തിൽ ഒന്നാമത്തെ വരിയിൽ 'മാങ്കുളം പ്രദേശത്ത്' എന്നു കഴിഞ്ഞതിനുശേഷം 'ഫോറസ്റ്റ്' എന്നുകൂടി ചേർക്കണം. ഇതാണ് എന്റെ ഭേദഗതി.

കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന പഴയ നില അനുവദിക്കുവാൻ ഇനി നിവൃത്തിയില്ല. മാങ്കുളം ഭൂമിയിൽ ധാരാളം ശക്തൻമാരുണ്ട്, വൻകിടക്കാരുണ്ട്. കൈയേറ്റം നടത്തിയിട്ടുണ്ട്. അവരെ ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ വിവിധ രാഷ്ട്രീയപ്പാർട്ടികളിലെ ആളുകളും യുവജനസംഘടനകളും എല്ലാം പ്രക്ഷോഭണം കൂട്ടിയിട്ടുണ്ട്. ഗവൺമെൻറ് അതിന് അനുകൂലമായി തീരുമാനമെടുത്തിട്ടുണ്ട്. എന്താണ് ആ തീരുമാനം നടപ്പിലാക്കാൻ കാലതാമസമെന്ന് എനിക്കറിയുകയില്ല. കാലതാമസത്തിനു മുൻപുണ്ടായിരുന്ന ഒരു പ്രതിബന്ധം ഇപ്പോൾ നീങ്ങിക്കിട്ടിയിട്ടുണ്ട്. ആ പ്രതിബന്ധം നീങ്ങിയ ഇന്നത്തെ സാഹചര്യത്തിൽ എത്രയും പെട്ടെന്നു അതു നടപ്പിലാക്കാൻ ഗവൺമെൻറ് മുന്നോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇവിടെ വളരെ പ്രതീക്ഷകളോടുകൂടി ഏറ്റെടുത്ത കണ്ണൻദേവൻ ഭൂമി പതിച്ചുകൊടുക്കുമ്പോൾ സംസ്ഥാനത്തെ ഹരിജനങ്ങൾക്കും തലമുറയായി അദ്ധ്വാനിക്കുന്നാണ്യവിളനേടിത്തരുന്ന ത്യാഗോജ്വലമായ സേവനങ്ങളും പ്രവർത്തനങ്ങളും നടത്തിയ തൊഴിലാളിവർഗ്ഗത്തിനും അർഹമായ പരിഗണന നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): സർ, പ്രമേയത്തെ സംബന്ധിച്ച് സഭയുടെ എല്ലാ ഭാഗത്തുനിന്നും നടന്ന ചർച്ചകളിൽ അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന അഭിപ്രായം പൊന്തി വന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് വനം കയ്യേറ്റവും വനം നശീകരണവും തടയാതെ പോയാൽ ഗുരുതരമായ പ്രത്യാഘാതം ഉണ്ടാകുമെന്നാണ് അഭിപ്രായമുണ്ടായത്. എന്നാൽ പലപ്പോഴും നമുക്കു കാണാൻ കഴിയുന്ന ഒരു സത്യമുണ്ട്. ഈ വനനശീകരണം തടയണമെന്നു പറയുകയും, അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്നു പറയുകയും ഒടുവിൽ അതിനുള്ള നടപടി സ്വീകരിക്കുന്ന അവസരത്തിൽ അത് പാടില്ലെന്നു പറയുകയും ചെയ്യുന്ന ഒരു സ്ഥിതി വിശേഷം നമ്മുടെ നാട്ടിലുണ്ട്. ആ വസ്തുത ആരും വിസ്മരിക്കരുത്. ഈ പ്രമേയത്തെ സംബന്ധിച്ചു നടന്ന ചർച്ചയിൽ, ചർച്ച പല രീതിയിൽ വന്നു. കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന പ്രമേയത്തിന്റെ സ്പിരിറ്റിനോട് ഗവൺമെൻറ് യോജിക്കുന്നു. പക്ഷെ, ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച പ്രമേയം അതേപടി അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. എന്താണ് പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് ? വൻകിടക്കാരെ ഒഴിപ്പിക്കണം. ചെറുകിടക്കാർക്ക് പതിച്ചു കൊടുക്കണം. നമുക്ക് അങ്ങനെ ഒരു സമീപനം സ്വീകരിക്കാൻ സാധിക്കുകയില്ല. ഈ മാങ്കുളം ഭൂമിയിൽ പല തരത്തിലുള്ള കയ്യേറ്റങ്ങളുണ്ട്. ഗവൺമെൻറ് അനാസ്ഥ കാണിക്കുന്നു എന്നു പറഞ്ഞു. ഈ ഭൂമിയെ സംബന്ധിച്ച നിയമനിർമ്മാണം നടന്ന് സുപ്രീം കോടതിവരെ ഇതു സംബന്ധിച്ച കേസു പോയി,

LIBRARY ARCHIVES Kerala Legislative Assembly

അവസാനം ഗവൺമെൻറിന് അനുകൂലമായി നിയമം ശരിവച്ചുകൊണ്ട് വിധി വന്നു. അതിനുശേഷം ലാൻഡുബോർഡ് വ്യവസ്ഥകളും അനുസരിച്ച് തീർപ്പുകല്പിക്കേണ്ടതുണ്ടായിരുന്നു. അങ്ങനെ തീർപ്പുകല്പിച്ച് 70,000 ഏക്കർ ഭൂമി ഗവൺമെൻറിൽ നിക്ഷിപ്തമാക്കി. ഈ 70,000 ഏക്കറും വിതരണം ചെയ്യാൻ പറ്റിയതല്ല. അതിൽതന്നെ കുറെ ഭൂമി ഫോറസ്റ്റായിട്ടു റിസർവു ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. പിന്നെ തോട്ടങ്ങൾക്ക് ഇടയിൽ കിടക്കുന്ന ഭൂമിയുണ്ട്. അവിടെയും ഫോറസ്റ്റായിട്ടുതന്നെ നില നിറുത്തണം. മാങ്കുളം ഭൂമിയാണ് പ്രധാനമായും വിതരണം ചെയ്യാൻ ഉള്ളത്. ഫോറസ്റ്റായിട്ടു റിസർവു ചെയ്ത സ്ഥലം തന്നെ ഫോറസ്റ്റു ഡവലപ്പുമെൻറു കോർപ്പറേഷൻ, കാർഡമം ബോർഡ് അതുപോലുള്ള സ്ഥാപനങ്ങൾ വഴി ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും. പിന്നെ തെറ്റായിട്ടോ ശരിയായിട്ടോ ഒരു ആഗ്രഹം എനിക്കു തോന്നി. ഒരു മോഡൽ സ്കീമായിട്ട് അവിടെ കുറെ ആളുകളെ പുനരധിവസിപ്പിക്കുക. ചില പ്രത്യേകതരം കൃഷികൾ നടത്തുക. അവിടെ ഒരു പ്രത്യേക ടൗൺഷിപ്പായി രൂപം കൊടുക്കുക, ഇങ്ങനെ ഒരു ആലോചനയുണ്ട്. അതിനു രൂപം കൊടുക്കാനുള്ള പരിശ്രമം അല്പം താമസിച്ചുപോയി. എന്തെല്ലാം അവിടെ കൃഷി ചെയ്യാം എന്നുള്ളതിനെസംബന്ധിച്ച് ഒരു വിദഗ്ധ പരിശോധന ആവശ്യമാണെന്നു തോന്നി. ഒരു ജർമ്മൻ വിദഗ്ധൻ ഒരിക്കൽ പറഞ്ഞു ലോകത്തെങ്ങും ഇല്ലാത്ത ഹെർബ്സ് അവിടെ ഉണ്ട്: അത് അവിടെ വച്ചു പിടിപ്പിച്ചാൽ കുറച്ച് ആളുകൾക്ക് തൊഴിലുണ്ടാകും, നല്ല സമ്പത്തുണ്ടാകും എന്നു പറഞ്ഞു. അങ്ങനെ കുറച്ചു കാലതാമസം വന്നു, ഒടുവിൽ റിപ്പോർട്ടു വന്നപ്പോൾ ഉടനെ കുറെ ഭൂമി കൊടുക്കണമെന്നു റിപ്പോർട്ടു വന്നു. അതനുസരിച്ച് നടപടി സ്വീകരിച്ചു.

സർ, ഈ ഭൂമി കയ്യേറ്റം മറ്റു പല സ്ഥലങ്ങളിലും ഉള്ളതുപോലെതന്നെ ഇവിടെയും ഉണ്ടായി. നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള ഭൂമി കയ്യേറ്റം വളരെ സത്യസന്ധമായി വസ്തുനിഷ്ഠമായി നാം ആലോചിച്ചാൽ താഴത്തെ ലവലിലുള്ള രാഷ്ട്രീയ കക്ഷികൾക്കും ഗവൺമെൻറുദ്യോഗസ്ഥൻമാർക്കുമൊക്കെ ഇതിൽ പങ്കുണ്ട്. പിൽക്കാലത്ത് ഇത് ഒഴിപ്പിക്കേണ്ടി വരുന്നു. വളരെ സാങ്കേതികമായി പറയുന്നു എന്തുകൊണ്ട് ഉടനെ ഒഴിപ്പിക്കുന്നില്ല, രണ്ടു മൂന്നു കൊല്ലം കഴിഞ്ഞ് ഒഴിപ്പിക്കുമ്പോഴല്ലേ ഈ ബുദ്ധിമുട്ടു വരുന്നത് എന്ന്. തിരുവനന്തപുരത്തിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്കും മന്ത്രിമാർക്കും എപ്പോഴും, എവിടെ കയ്യേറുന്നു എന്ന് അറിവില്ല. ലോക്കൽ ലവലിൽ ഉദ്യോഗസ്ഥൻമാരും രാഷ്ട്രീയക്കാരും ഒക്കെകൂടി ചേർന്നു നടത്തിയ ഏർപ്പാടായതുകൊണ്ട് കാര്യം പുറത്തു വരികയില്ല. അങ്ങനെയാണ് ബുദ്ധിമുട്ടു വരുന്നത്. 1974-ൽ ഇത് ഒഴിപ്പിച്ചു. വീണ്ടും പ്രവേശനം നടത്തി. 1975-ൽ ഒഴിപ്പിച്ചു. വീണ്ടും പ്രവേശനം നടത്തി. ഉടനെ എന്തുകൊണ്ടാണ് വിതരണം നടത്താത്തതെന്ന് ചോദിക്കാം. സ്വാഭാവികമായ ചോദ്യമാണ്.

ഭൂപരിഷ്കരണ നിയമമനുസരിച്ച് ഒരു ഏക്കറാണ് വിതരണം ചെയ്യുന്നത്. ഇവിടെ റൂൾസിൽ എന്തു വേണമെന്നു ആലോചിക്കണം. ഒരു ഹെക്ടറാക്കി. അതു സർവെ ചെയ്തു പ്ലോട്ടു തിരിക്കണം. ഇന്നാണ് അവിടെനിന്നു ടി. പി. മെസേജ് കിട്ടിയത്. 700 പ്ലോട്ടുകൾ അളന്നു തിരിച്ചു. ആളുകൾക്കു നടന്നു ചെല്ലാൻ ബുദ്ധിമുട്ടുള്ള ഈ കാലത്ത് ഈ മഴക്കാലത്ത് ജോലി നടക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ കയ്യേറ്റക്കാർ രണ്ടു രീതിയിലുള്ളവരാണ്. ശ്രീ. കുഞ്ഞിക്കണ്ണൻ മൂന്നു തരത്തിലാണെന്നു പറഞ്ഞു. വേണമെങ്കിൽ മൂന്നു രീതിയിലാക്കാനും തയ്യാറാണ്. ഒന്ന്

LIBRARY ARCHIVES Kerala Legislative Assembly

നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് അവിടെ ഉണ്ടായിരുന്ന ഒരു വിഭാഗം ആളുകൾ പ്രമേയാവതാരകൻ പറഞ്ഞത് അതു 450 ഉണ്ടെന്നാണ്. 1974-ൽ ഒഴിപ്പിക്കുന്ന അവസരത്തിൽ ഗവൺമെൻറ് ഒരു സ്ഥിതിവിവര ക്കണക്ക് ശേഖരിച്ചു; എന്തുമാത്രമുണ്ട് ഇവരുടെ എണ്ണം എന്നറിയാൻ. 29 കുടുംബങ്ങളാണ് നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ഈ പ്രദേശത്തുണ്ടായിരുന്നത് എന്നാണ് ഗവൺമെൻറിനു കളക്ടറിൽനിന്നും കിട്ടിയ റിപ്പോർട്ട്. 1975-ൽ പിന്നെയും ഒഴിപ്പിച്ചു. നിയമം പ്രാബല്യ ത്തിൽ വന്നതിനുശേഷം പതിച്ചുകൊടുക്കാൻ ഇട്ടിരുന്ന ഭൂമിയിൽ കയ്യേറ്റ ക്കാരുണ്ടായി. അല്ലാതുള്ള വലിയ കയ്യേറ്റങ്ങളും ഉണ്ട്. വളരെ വിദഗ്ധ മായ രീതിയിലുള്ള കയ്യേറ്റമാണ്. ഈ വനഭൂമിയിൽ ആളുകൾ താമസമില്ല. കാട്ടുമൃഗങ്ങളെ ഭയന്ന് വൃക്ഷങ്ങളിലും മറ്റും കുടിൽ കെട്ടി താമസിക്കുന്ന ആളുകൾ അപൂർവമാണ്. ഈ വനത്തിൽ ചില ഊടുവഴികളുണ്ട്. ആളുകൾ കടന്നുപോകുന്ന ആ വഴിയിൽ നിന്നു 50 മീറ്റർ ഉള്ളിലേക്കു ചെല്ലുമ്പോഴാണ് ഈ ഏലക്കൃഷി കാണാൻ സാധിക്കുന്നത്. പുറത്തു നിന്നുനോക്കിയാൽ ആർക്കും ഒന്നും അറിയാൻ സാധിക്കാത്ത രീതിയിലാണ് ഇതു ചെയ്യുന്നത്. കുഞ്ഞിക്കോയ പോയി പരിശോധിച്ചിട്ടാണ് ഇതു പറഞ്ഞത്. മഴയാണ് അതുകൊണ്ട് റിപ്പോർട്ടു പൂർണ്ണമല്ല എന്നും പറ ഞ്ഞാണ് റിപ്പോർട്ടു ചെയ്തത്.

ഒഴിപ്പിക്കാൻ നടപടി ഗവൺമെൻറു സ്വീകരിച്ചിട്ടുണ്ട്. ഒഴിപ്പിക്കും. ഒഴിപ്പിക്കുന്നത് രണ്ടു രീതിയിലാണ്. കയ്യേറിയ സ്ഥലത്ത് ഉടമസ്ഥർ ആരും കാണുകയില്ല. ചിലപ്പോൾ വാച്ചറോ ജോലിക്കാരോ മറ്റോ കാണുക യുള്ളൂ. ആരുടെ കൈവശമാണെന്നു പറയുകയില്ല. പലരുടേയും പേരു കേൾക്കുന്നുണ്ട്. ഇതു സംബന്ധിച്ചെല്ലാം അധികൃതമായ അറിവില്ലാത്ത തുകൊണ്ട് അതു പറയാതിരിക്കുകയാണ് നല്ലത്, ആരു കയ്യേറി എന്നു ള്ളതിനെ സംബന്ധിച്ച് വ്യഗ്രതയോടുകൂടി അന്വേഷിക്കണമെന്ന് ഗവൺ മെൻറിനു തോന്നിയില്ല, എനിക്കു തോന്നിയില്ല. ആരു കയ്യേറിയാലും ഒഴിപ്പിക്കണം. ആരുടെ കയ്യേറ്റം എന്നു നോക്കി പ്രത്യേകമായ ഗുണമുണ്ടാ ക്കാൻ എനിക്ക് ഉദ്ദേശമില്ല. എം. എൽ. എ. ആയാലും എം. പി. ആയാലും ഒഴിപ്പിക്കും. യാതൊരു സംശയവുമില്ല.

ശ്രീ. ഒ. ലൂക്കോസ്: ഭൂമി കയ്യേറ്റത്തെ സംബന്ധിച്ച് പല ആരോ പണങ്ങളും പ്രസ്താവനകളും വരുമ്പോഴും, ഇത്തരം കാര്യങ്ങൾ കണ്ടുപിടി ക്കാൻ ഇൻറലിജൻസ് വിഭാഗം ഉള്ളപ്പോഴും ഒഴിപ്പിക്കുമെന്നു പറയുന്ന മന്ത്രി ഇത് ആരുടെയൊക്കെ കയ്യിലാണെന്ന് അന്വേഷിക്കുന്നതിൽ എന്താണ് അപാകതയുള്ളത്?

ശ്രീ. ബേബിജോൺ: കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി ഉണ്ട്. അതിനപ്പുറം ആരാണെന്നു കണ്ടുപിടിച്ചാലും എനിക്കൊന്നും ചെയ്യാനില്ല. കണ്ടുപിടിച്ച് ഒരു വിവേചനം ഉണ്ടാക്കാനും ഞാൻ ഉദ്ദേശിക്കുന്നില്ല. ആരാണ് എന്നുള്ളതിനെ സംബന്ധിച്ച് കഥകൾ ധാരാളമുണ്ട്. എം. എൽ. എ. മാർ ഈ നിയമസഭകൂടിക്കൊണ്ടിരുന്നപ്പോൾ അവിടെ പോയി അട്ട കടിച്ച് മുറിവുണ്ടായ ആളുകളുണ്ട്. അല്ലാതെ മുറിവുണ്ടായ ആളു കളുണ്ട്. അങ്ങനെ കഥകളുണ്ട്, നമ്മൾ ഇതിനെപ്പറ്റി ചർച്ച ചെയ്യുന്ന അവ സരത്തിൽ അധികൃതമായി അങ്ങനെ ഒരു പ്രസ്താവന ചെയ്യുന്നതു ശരി യല്ല. ആരായാലും ഒഴിപ്പിക്കുക എന്ന ഖണ്ഡിതമായ തീരുമാനമാണ് ഗവൺമെൻറ് എടുത്തിരിക്കുന്നത്. കളക്ടർ ഇതു സംബന്ധിച്ച് ചില നടപടികൾ സ്വീകരിച്ചിരിക്കുന്നു. കുറച്ചുപേരുടെ പേരിൽ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇട്ടിട്ടുണ്ട്. ശ്രീ. കുര്യൻ വികാരഭരിതനായി ഇതിനെപ്പറ്റി പറഞ്ഞു. വിതരണത്തെസംബന്ധിച്ച് ചില നടപടിക്രമങ്ങളുണ്ട്. ചട്ടം അനുശാസിക്കുന്ന രീതിയിലേ അതു ചെയ്യാൻ പറ്റുകയുള്ളു. ഗവൺമെൻറു ഭൂമിയോ ഗവൺമെൻറ് പുറമ്പോക്കു ഭൂമിയോ പ്രവേശനക്കാർക്കു—കയ്യേറ്റക്കാർ എന്നു പറയുന്നില്ല—റഗുലറൈസു ചെയ്തു കൊടുക്കാൻ നിയമമുണ്ട്. ഇവിടെ അതു പാടില്ല. ഇതിന് ഈ നിയമസഭ പാസാക്കിയ ആക്ടുണ്ട്, അതിൻെറ റൂളുണ്ട്. എങ്ങനെ ഇതു വിതരണം ചെയ്യണമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിൽ നിന്നും വ്യത്യസ്തമായി ആക്ടോ റൂളോ മാറ്റാതെ നമുക്കു ചെയ്യാൻ പറ്റുകയില്ല. ആരു നിരാഹാരസമരം നടത്തിയാലും അതിനു വ്യത്യസ്തമായി ചെയ്യാനൊക്കുകയില്ല. അല്ലെങ്കിൽ റൂളും ആക്ടുമൊക്കെ മാറ്റേണ്ടിവരും. സർ, നറുക്കിട്ടെടുത്തതിൻെറ കാര്യവും ഇവിടെ പറഞ്ഞു. നറുക്കെടുപ്പിൽ അവിടത്തെ താമസക്കാർക്കു തന്നെ (ഇരുനൂറിൽ ചിലപ്പോൾ പേർക്ക്) നറുക്കു വീണിട്ടുണ്ട്.

ശ്രീ. പി. പി. എസ് തോമസ്: വളരെ മുൻപാണ് അവിടെ നറുക്കിട്ടത്. അതുതന്നെ ചില പ്രത്യേക പാർട്ടിക്കാരുടെ സ്വന്തം ആളുകളുടെ പേരുകൾ എഴുതിയാണ് നറുക്കിട്ടത് എന്ന വ്യക്തമായ ആക്ഷേപം പത്രത്തിൽ വന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെൻറിൻെറയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബേബിജോൺ: നറുക്കിട്ടതിനെപ്പറ്റി ഒരു പരാതി ഉണ്ടായിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ ഒരു സ്റ്റേ വാങ്ങി; ആ സ്റ്റേ വെക്കേറ്റു ചെയ്തു. വളരെ കർശനമായ പരിശോധന വേണമെന്നു പറഞ്ഞാണ് സ്റ്റേ വെക്കേറ്റു ചെയ്തത്. അതിൻെറ ബന്ധപ്പെട്ട ഭാഗം ഞാൻ പറയിക്കാം.

A strict verification of the eligibility of allottees for assignment is being done and the work is nearing completion. The survey work for the subdivision of the assignable area into one hectare plots is also in progress. About 700 plots have been demarcated after setting apart and for roads and other public purposes.

ശ്രീ. സി. എ. കുര്യൻ: മാർക്സിസ്റ്റ് പാർട്ടിയടക്കമുള്ള, ദേവികുളം ഏരിയായിലെ പഴയ എം. എൽ. എ. യായ ജി. വരദൻ ഉൾപ്പെടെയുള്ള ആളുകൾ, എല്ലാവർക്കും ഭൂമി കൊടുക്കണമെന്നു പറഞ്ഞ് അങ്ങയ്ക്കു നിവേദനം നൽകിയിട്ടുണ്ടോ?

ശ്രീ. ബേബിജോൺ: അതുതന്നെയാണ് ഞാൻ ആമുഖമായി പറഞ്ഞത്. ഇവിടെ വന്നുനിന്നു പറയും ഒഴിപ്പിക്കണമെന്ന്. എന്നിട്ട് ഒഴിപ്പിക്കാൻ സമയമാകുമ്പോൾ പറയും ഒഴിപ്പിക്കരുതെന്ന്. എനിക്കങ്ങനെ അനുഭവമുണ്ടായതുകൊണ്ടു പറയുകയാണ്. ഇലക്ട്രിസിറ്റി സ്കീമിനു വേണ്ടി ഇടുക്കി പ്രദേശത്തുനിന്ന് ഒഴിപ്പിക്കുന്നതിനുവേണ്ടി എല്ലാ കക്ഷികളുംകൂടിച്ചേർന്ന് ഒരു ഹൈ ലെവൽ കമ്മിറ്റിയിൽവച്ചു തീരുമാനമെടുത്തു. എന്നിട്ട് ഡിസ്ട്രിക്ടിൽ ചെന്നപ്പോൾ എല്ലാവരുംകൂടിച്ചേർന്ന് ഒഴിപ്പിക്കരുതെന്നും തീരുമാനമെടുത്തു, സർ, അതിൻെറ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. പിന്നീടു കളക്ടർ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The entire area was inspected by the Collector personally during the last month. I have noticed encroachment on the assignable land as well as in the wooded areas. It is proposed to evict all encrochers and put the eligible allottees in possession of the land simultaneously.

Mamkulam is not approachable by vehicles in the rainy season and now it is raining heavily in this part of the district. I am afraid that eviction at the time of heavy rains may give occasion for diseases among the evictees and this may attract severe criticism from the press and other sources. Accommodation of nearly 500 men including police and revenue in a forest enclave like Mamkulam will also be a difficult problem to solve.

In the circumstances I suggest that the eviction of encrochers may wait for a few more days till the heavy rain subside. ഇതാണ് കളക്ടറുടെ ഏറ്റവും അവസാനത്തെ റിപ്പോർട്ട്. ഗവൺമെൻറ് ഇക്കാര്യത്തിൽ യാതൊരു കാലതാമസവും അമാന്തവും വരുത്തുകയില്ല. ഒരു വിവേചനബുദ്ധിയോടുകൂടി ഒഴിപ്പിക്കാനും ഒക്കുകയില്ല. അവിടെ താമസിച്ചിരുന്നവർക്കു മുൻഗണന നൽകണമെന്നു ആക്ടിൽ വ്യവസ്ഥയില്ല. അങ്ങനെ വേണമെങ്കിൽ ആക്ടിൽ ഭേദഗതി വരുത്തണം. അതിനിപ്പോൾ ഉദ്ദേശിക്കുന്നില്ല. വൻകിടക്കാരുടെ കാര്യം ശ്രീ. കുഞ്ഞിക്കണ്ണൻ പറഞ്ഞു. നമ്മുടെ നാട്ടിൽ എല്ലാവരും ചെറുകിടക്കാരാണ്, അവിടത്തെ പ്രവേശനക്കാരെ മുഴുവൻ ഒഴിപ്പിക്കണമെന്നു ഈ സഭയ്ക്ക് ഏകകണ്ഠമായി അഭിപ്രായപ്പെടാം. അങ്ങനെയാകുമ്പോൾ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് കൊടുക്കാൻ നടപടിയും സ്വീകരിക്കാം. അങ്ങനെ വരുമ്പോൾ, വിതരണം ചെയ്യാൻ സാധിക്കാത്ത ഭൂമി ഫോറസ്റ്റ് ഡെവലപ്പ്മെൻറ് കോർപ്പറേഷനോ കാർഡമം ബോർഡിനോ ഒക്കെ കൊടുത്ത് ഗവൺമെൻറിനു വരുമാന മാർഗ്ഗമുണ്ടാക്കുകയും ചെയ്യാം. അതുകൊണ്ട് ഈ പ്രമേയം പ്രസ്സ് ചെയ്യരുതെന്നഭ്യർത്ഥിക്കുകയാണ്. മഴയ്ക്കലപം ശമനം വന്നാലുടനേ വേണ്ട നടപടി സ്വീകരിക്കാം. കൂടുതൽ പോലീസിനെയും ആവശ്യമുണ്ട്. ഈ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രമേയം പ്രസ്സ് ചെയ്യരുതെന്നഭ്യർത്ഥിക്കുന്നു.

The amendment moved by Sri E. K. Pillai was, by leave, withdrawn.

The amendment moved by Sri Thundathil Kunjukrishna Pillai, was by leave, withdrawn.

The amendments moved by Sri C. A. Kurian were, by leave, withdrawn.

The amendment moved by Sri S. Thankappan Pillai was, by leave, withdrawn.

The amendment moved by Sri Kallada Narayanan was, by leave, withdrawn.

The amendment moved by Sri K. P. Nuruddin was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

The amendment moved by Sri O. Lukose was, by leave, withdrawn.

The Resolution moved by Sri P. V. Kunhikannan was, put and lost.

Sri P. B. R. Pillai:
„ R. Sundaresan Nair: } Sir, I demand a poll.

A poll was taken, when the House divided as follows:

AYES–28

1. Shri T. K. Abdu
2. Shri P. Bhaskaran
3. Shri N. I. Devassykutty
4. Shri P. P. Esthose
5. Dr. George Mathew
6. Shri V. J. Joseph
7. Shri M. K. Krishnan
8. Shri P. V. Kunhikannan
9. Shri Thundathil Kunjukrishna Pillai
10. Shri Lonappan Nambadan
11. Shri O. Lukose
12. Shri G. P. Mangalathu Madom
13. Shri M. V. Mani
14. Shri P. P. V. Moosa
15. Shri E. Narayanan Nair
16. Shri M. V. Raghavan
17. Shri K. Raghavan Master
18. Shri M. V. Rajagopalan
19. Shri M. V. Rajan
20. Shri T. K. Ramakrishnan
21. Shri P. B. R. Pillai
22. Shri P. K. Sankarankutty
23. Shri M. Sathyanesan
24. Shri P. R. Sivan
25. Shri N. Subramonia Shenoy
26. Shri R. Sundaresan Nair
27. Shri P. J. Thomas
28. Shri N. Vasudevan Pillai

LIBRARY ARCHIVES Kerala Legislative Assembly

NOES-40

1. Shri Aryadan Muhamed
2. Shri Baby John
3. Shri P. Balan
4. Smt. Bhargavi Thankappan
5. Shri K. J. Chacko
6. Shri P. K. Chathan Master
7. Shri J. Chithranjan
8. Shri Damodaran Kalassery
9. Shri Eapen Varghese
10. Shri P. R. Francis
11. Shri E. P. Gopalan
12. Shri C. P. Govindan Nambiar
13. Shri M. K. Hemachandran
14. Shri T. M. Jacob
15. Shri E. K. Pillai
16. Shri M. K. Kesavan
17. Shri K. T. Kumaran
18. Shri Kandalottu Kunhambu
19. Shri Panarath Kunhimohammed
20. Shri C. A. Kurian
21. Shri N. P. Moideen
22. Shri K. Narayana Kurup
23. Shri Kallada Narayanan
24. Shri K. P. Nuruddin
25. Shri Oommen Chandy
26. Shri K. Pankajakshan
27. Shri T. A. Paraman
28. Shri K. P. Prabhakaran
29. Shri V. K. Rajan
30. Shri M. Ramappa
31. Shri Vettiyoorkavu Ravi
32. Shri P. Sankar
33. Shri P. K. Sreenivasan
34. Shri P. S. Sreenivasan
35. Shri A. V. Thamarakshan
36. Shri S. Thankappan Pillai

LIBRARY ARCHIVES Kerala Legislative Assembly

37. Shri Thyagarajan
38. Shri R. S. Unni
39. Shri K. C. Vamadevan
40. Shri S. Varadarajan Nair

NEUTRALS—Nil

Those for the Resolution	..	28
Those against the Resolution	..	40
Neutrals	..	Nil

The Resolution was declared lost.

മി. ചെയർമാൻ: റസല്യൂഷൻ രണ്ടും മൂന്നും ഏകദേശം ഒരേ കാര്യത്തെപ്പറ്റിയുള്ളതാണ്. അവതരിപ്പിക്കാൻ രണ്ടുപേർക്കും സമയം കൊടുത്തുകൊണ്ട് രണ്ടു പ്രമേയത്തിന്റെയും ചർച്ചയും ഭേദഗതിയും അവതരിപ്പിച്ച് രണ്ടും ഒന്നിച്ച് വോട്ടിനിടുന്നതിന് സഭാംഗങ്ങളുടെ അനുമതി ആരായുന്നു.

(സഭ അനുമതി നൽകി)

(ii) റബ്ബർ ഇറക്കുമതിക്ക് സബ്സിഡി കൊടുക്കുന്ന കേന്ദ്രതീരുമാനം റദ്ദാക്കൽ

ശ്രീ. ടി. കെ. അബ്ദു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു. ''കേരളത്തിലെ റബ്ബർ കർഷകരെ ഭോഷകരമായി ബാധിക്കുന്ന, റബ്ബർ ഇറക്കുമതിക്ക് സബ്സിഡി നൽകുകയെന്ന കേന്ദ്രതീരുമാനം റദ്ദ് ചെയ്യണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോടാവശ്യപ്പെടുന്നു.''

സർ, കേരളത്തിലെ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന മറ്റു അസംസ്കൃത സാധനങ്ങളെക്കാൾ വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇൻഡ്യയിൽ ആവശ്യമുള്ള റബ്ബറിന്റെ എത്രാണ്ടു ഒരു നല്ല ശതമാനം നമ്മുടെ കേരളത്തിലാണ് ഉൽപ്പാദിപ്പിക്കുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തിലെ റബ്ബർ കൃഷിക്കാർ എന്നു പറയുമ്പോൾ അവർ വലിയ എസ്റ്റേറ്റുടമകളാണ് എന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ അതു ശരിയല്ല. അഞ്ചേക്കറും അഞ്ചേക്കറിൽ താഴെയുമുള്ള അനവധി റബ്ബർ കൃഷിക്കാർ നമ്മുടെ സംസ്ഥാനത്തുണ്ട്, വൻകിടക്കാരായ എസ്റ്റേറ്റുടമകളും നമ്മുടെ രാജ്യത്ത് റബ്ബർ കൃഷിക്കാരായുണ്ട്. എന്നിരുന്നാൽത്തന്നെയും കൂടുതൽ കൃഷിക്കാർ സാധാരണ കൃഷി ചെയ്തു ജീവിക്കാൻ ആഗ്രഹിക്കുന്നവരും അതിനുവേണ്ടി കഷ്ടപ്പെട്ടു ബുദ്ധിമുട്ടി പ്രവർത്തിക്കുന്നവരുമാണ്. അതുപോലെതന്നെ അവരെ ആശ്രയിച്ച് ലക്ഷക്കണക്കിന് തൊഴിലാളികളും നിലനിന്നുപോരുന്നു. ആ ലക്ഷക്കണക്കിനുള്ള തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം റബ്ബർ കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ടാണ്. എന്നാൽ നമ്മുടെ രാജ്യത്ത് ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന് വേണ്ടത്ര വില കിട്ടണമെന്ന് കാർഷിക പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ ആളുകളിൽനിന്നും രാജ്യത്തിന്റെ ദേശീയ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന എല്ലാ രാഷ്ട്രീയപാർട്ടിയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly